നിയമ
സംസ്കാര
കേന്ദ്രത്തിന്റെ
ജനനീതി

വാല്യം : 10 ◆ ലക്കം : 2 ◆ ഫെബ്രുവരി 2003 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# ചുവരില്ലാതാക്കുന്ന ചിത്രരചന

**സി.ആർ. നീലകണ്ഠൻ നമ്പൂതിരി**

'ചുവരുണ്ടെങ്കിലേ ചിത്രം വരക്കാനാവൂ, വ്യവസായമുണ്ടെങ്കിലേ തൊഴിലുണ്ടാകൂ, നിക്ഷേപം വന്നാലേ വ്യവസായമുണ്ടാകൂ; അതിനാൽ ആഗോളനിക്ഷേപകസംഗമം (ജിം)' എന്ന മുദ്രാവാക്യം എല്ലാ പ്രചരണമാദ്ധ്യമങ്ങളിലൂടെയും നാം കേൾക്കുന്നു. എറണാകുളത്ത് ജനു. 18, 19 ന് നടന്ന ജിം കേരളത്തിന്റെ വികസനമുരടിപ്പിന് പരിഹാരമാകുമെന്ന് എല്ലാ മുഖ്യധാരാകക്ഷികളും വിശ്വസിക്കുന്നു. 'വികസനത്തിന് രാഷ്ട്രീയം തടസ്സമായിക്കൂടാ' എന്ന വാദം ഇവരെല്ലാം അംഗീകരിക്കുന്നു. അഥവാ വികസനം രാഷ്ട്രീയേതരമാണെന്നിവരെല്ലാം വാദിക്കുന്നു. ഇതു തന്നെ വലിയൊരു വഞ്ചനയാണ്. വികസനം ഒരു രാഷ്ട്രീയ പ്രക്രിയ തന്നെയാണ്. അതിലൊരു മുൻഗണനാക്രമമുണ്ട്. ആദിവാസികളേയും കർഷകരേയും ദുരിതത്തിലാഴ്ത്തിക്കൊണ്ട്, അവരുടെ ദാഹജലം വറ്റിച്ചുകൊണ്ട് പ്രവർത്തിക്കുന്ന പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി ഒരു വികസനമാണോ? നർമ്മദയിലും മറ്റും ഈ പ്രശ്നം മുമ്പേ ഉയർന്നു വന്നിട്ടുണ്ട്. പക്ഷെ നമ്മുടെ സാക്ഷര സുന്ദരകേരളത്തിൽ, സ്ഥാപിതതാത്പര്യക്കാരായ നേതാക്കളും മാദ്ധ്യമങ്ങളും ഈ തരത്തിലൊരു ചർച്ച ഉയർന്നു വരാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. മദ്ധ്യവർഗ്ഗവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ അവരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ഇടതുപക്ഷമെന്നവകാശപ്പെടുന്നവർപോലും ഈ വലതുപക്ഷ നിലപാടിൽ തന്നെ എത്തിനിൽക്കുന്നു.

എന്തുതരം വികസനമാണ് ജിം കൊണ്ടുവരുമെന്നു പ്രഖ്യാപിക്കുന്നത്? നാൽപത്തഞ്ചുലക്ഷം തൊഴിൽ രഹിതരിൽ എത്രപേർക്കു തൊഴിൽ കിട്ടും? ഇതിലൂടെ എത്ര ലക്ഷം പേർക്ക് തൊഴിലും ജീവനോപാധികളും കിടപ്പാടവും നഷ്ടപ്പെടും? ഒരിക്കലും പുനസൃഷ്ടിക്കാനാവാത്ത വിധം ഇതുണ്ടാക്കുന്ന പരിസ്ഥിതി വിനാശം എത്രയാണ്? മുഴുവൻ ജീവജാലങ്ങൾക്കും അവകാശപ്പെട്ട ജീവജലത്തിന്റെ മേൽ കുത്തകക്കമ്പനികൾ അധികാരം നേടിയാൽ എന്താകും അവസ്ഥ? ടൂറിസ്റ്റ് റിസോർട്ടുകളും ഗോൾഫ് കോഴ്സുകളും അന്താരാഷ്ട്രവിദ്യാലയങ്ങളും ഫൈവ്സ്റ്റാർ ആശുപത്രികളുമാണോ നാം ലക്ഷ്യമാക്കുന്ന വികസനം?

ജിം മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ ഓരോന്നും ഇത്തരത്തിലുള്ള ന്യൂനപക്ഷ വിചാരണക്കു വിധേയമാകണം. അങ്ങനെ ചെയ്താൽ ഇവയെല്ലാം അതിസമ്പന്നമായ ഒരു ന്യൂനപക്ഷത്തിന്റെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ മാത്രമാണെന്നു മനസ്സിലാകും. എന്നാൽ മദ്ധ്യവർഗക്കാരിൽ വലിയൊരു പങ്കും ഈ സൗകര്യങ്ങൾ തങ്ങൾക്കും ലഭിച്ചേക്കുമെന്ന പ്രതീക്ഷയിൽ ആടുമാഞ്ചിയം, ആംവേ, സൂപ്പർ ലോട്ടറി തുടങ്ങി ആൾ ദൈവങ്ങളെ വരെ ആശ്രയിക്കുകയാണ്.

അഞ്ചു നദികളിൽ നിന്നും ജലമെടുത്തു വിതരണം ചെയ്യാൻ സ്വകാര്യകുത്തകകളെ അനുവദിക്കുന്ന പദ്ധതികൾക്കെതിരെ പ്രാദേശിക ചെറുത്തു നിൽപുകൾ രൂപപ്പെട്ടിട്ടുണ്ട്. ഉന്നതങ്ങളിൽ ഈ പദ്ധതികൾക്കനുകൂലമായി 'രാഷ്ട്രീയ സമവായം' ഉണ്ടായിയെന്നവകാശപ്പെടുമ്പോൾ താഴെത്തട്ടിൽ ഇതിനുവിരുദ്ധമായ രാഷ്ട്രീയ സമന്വയം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ രാഷ്ട്രീയ നേതൃത്വങ്ങൾ ജനകീയ യാഥാർത്ഥ്യങ്ങളിൽ നിന്നും എത്രദൂരെയാണെന്ന് ഇതു തെളിയിക്കുന്നു. കാസർപാർട്ടികളെന്നവകാശപ്പെടുന്നവരുടെ പ്രാദേശിക അണികൾ പോലും ഇത്തരം പ്രതിരോധത്തിൽ പങ്കെടുക്കുന്നു. ദരിദ്രർക്കു വെള്ളം കിട്ടാതാക്കുന്നതിനെതിരെയുള്ള ഈ ചെറുത്തുനിൽപ്, പണം നൽകാൻ ഒരിക്കലും കഴിയാത്ത ജീവജാലങ്ങൾക്കു വേണ്ടിക്കൂടിയാണെന്നറിയുന്നതോടെ ഇതു പുതിയൊരു രാഷ്ട്രീയത്തിലേക്കു നയിക്കുന്നു.

# കടക്കെണി

**കെ.ജി.ശങ്കരപ്പിള്ള**

**കടവും ജപ്തിയും ഭയവും ഇരുട്ടുമായി കഴിയുന്ന ഒരു കർഷകസമൂഹം ഇന്ന് കേരളത്തിലുണ്ട്. തമിഴ്നാട്ടിലും, കർണ്ണാടകത്തിലും ആന്ധ്രയിലും ഉണ്ട്. ഭാരതീയരിൽ ഭൂരിപക്ഷവും ഉൾപ്പെടുന്ന ഈ കാർഷികജീവിതമേഖലയിൽ നിന്നുവരുന്നത് അധികവും ദുരന്തവാർത്തകളാണ്. ദുരിതങ്ങളുടേയും പട്ടിണിയുടേയും അപമാനത്തിന്റേയും ആത്മഹത്യയുടെയും വാർത്തകൾ. കടക്കെണിയിലേക്ക് പലരൂപത്തിൽ പ്രലോഭിക്കപ്പെടുകയായിരുന്നു കർഷകർ. ലഘുവും ഉദാരവുമായ വായ്പാവ്യവസ്ഥകളുടെ പ്രലോഭനത്തിൽ നിന്നാണ് തുടക്കം. പക്ഷെ അത് ബ്ലേയ്ഡുകളുടെയും സ്പോട്ട്ഫൈനാൻസുകളുടെയും ക്രിമിനൽ മൂലധനത്തിന്റെ ഒരു മുഖം മാത്രം. കടക്കെണിയിൽ പെട്ടുകഴിഞ്ഞാൽ കർഷകർ കുടുങ്ങിക്കഴിഞ്ഞു. കാർഷിക മേഖലയിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി വന്ന മിക്കപരിഷ്കാരങ്ങളും നിയമനിർമിതികളും നയങ്ങളും ഫലത്തിൽ അവർക്കെതിരായിരുന്നു. ഭരണകർത്താക്കൾ കൂട്ടു നിന്നത് വൻമുതലാളിമാർക്കാണ്. വിത്തിനും വളത്തിനും കീടനാശിനിയ്ക്കും വിലകയറുകയും വിളയ്ക്ക് വിലയിടിയുകയും ഇറക്കുമതി വർദ്ധിപ്പിക്കുകയും വിപണി മന്ദിപ്പിക്കുകയും തൊഴിൽ പ്രതിസന്ധിയും സാമ്പത്തികപരാജയവും സൃഷ്ടിക്കുകയും ക്രൂരമായ ജപ്തിവ്യവസ്ഥകളിൽ ശ്വാസം മുട്ടിക്കുകയും ചെയ്താണ് കർഷകസമൂഹത്തെ കൂട്ട ആത്മഹത്യയിലേക്ക് അധികാരികൾ തള്ളിവിട്ടത്. ജീവിത്തിലേക്ക് വഴിമുട്ടുമ്പോൾ തവണയൊടുക്കാനാതെ ജീവനൊടുക്കിയവരാണ് ആത്മഹത്യചെയ്ത കർഷകരിൽ ഏറെയും. അഭിമാനത്തിലേക്കുള്ള ഒരേയൊരു പോം വഴി മരണമാണെന്ന സ്ഥിതി ഭയനാകമാണ്. കൃഷിക്കും സംസ്കൃതിക്കും വേണ്ടിയുള്ള രക്തസാക്ഷിത്വങ്ങളാണവ. നമ്മുടെ നാട്ടിൽ ചിറ്റൂരും കാസർകോട്ടും നിന്നുമാണ് ഇത്തരം ആത്മഹത്യാവാർത്തകൾ ഏറെയും വന്നത്. ആന്ധ്രയിൽ പരുത്തികൃഷിക്കാരുടെ ആത്മഹത്യയുടെ കണക്ക് ഞെട്ടിക്കുന്നതാണ്. കൃഷിക്കാരുടെ രാജ്യമായ ഇന്ത്യയിൽ കർഷകർക്ക് ആത്മഹത്യയാണ് ശരണം എന്ന സ്ഥിതി ഉൽക്കണ്ഠാജനകമാണ്.**

**2003 – ജനുവരി 16,17 തീയതികളിൽ കേരളകർഷക മുന്നണിയുടെ ആഭിമുഖ്യത്തിൽ ഫാദർ വടക്കൻ നഗറിൽ നടന്ന കടക്കാരായ കർഷകരുടെ സംഗമം ശ്രദ്ധേയമായ ഒരു ജാഗ്രതാസംഭവമാകുന്നതിന്റെ പശ്ചാത്തലം ഇതാണ്. സംഗമപത്രികയിൽ കേരളകർഷകമുന്നണി ജനറൽ സെക്രട്ടറി. ശ്രീ. പി. ടി. ജോൺ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കാം. എല്ലാത്തരം കരാറുകാരും ഇടനിലക്കാരും കോടിപതികളാവുകയും ഉൽപാദകരായ കർഷകരും തൊഴിലാളികളും നിത്യ ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയകപ്പെടുകയും ചെയ്യുന്ന കാരുണ്യഹീനമായ വ്യവസ്ഥ ചോദ്യം ചെയ്യപ്പെടണം.....ആഗോളവത്ക്കരണത്തിന്റെ ഇരകളായ കർഷകരും ഉദാരവൽക്കരണത്തിന്റെ ഫലമായി തൊഴിൽ രഹിതരായ തൊഴിലാളികളും അടക്കം പാപ്പരാക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ വിപുലമായ ഐക്യനിര വളർന്നുവരേണ്ടത് ഈ കാലഘട്ടത്തിൽ അതിപ്രധാനമാണ്". ഈ ദിശയിൽ ഒരു മുന്നേറ്റം ലക്ഷ്യമാക്കിയാണ് കടക്കാരായ കർഷകരുടെ സംഗമം സംഘടിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിൽ സൃഷ്ടിപരമായ ബദലുകൾ ഉന്നയിക്കപ്പെടേണ്ട സന്ദർഭത്തിൽ ഈ ഉണർവ്വിന് പ്രാധാന്യമുണ്ട്. ആഗോളമൂലധന നിക്ഷേപകസംഗമത്തിന്റെ സന്ദർഭത്തിൽ പ്രത്യേകിച്ചും. ■**

# പുതിയൊരു ലോകക്രമം സാധ്യമോ?

**സി.പി. ഗംഗാധരൻ**

"ആഗോളവത്കരണം ഇന്നൊരു യാഥാർത്ഥ്യമാണ്. സാധാരണക്കാരുടെ ജീവനാധാരങ്ങളെ അതു കാരിക്കാരിയൊടുക്കുന്നു. ഓരോ രാജ്യത്തിന്റെയും തനതവസ്ഥകളെ പാടെ അവഗണിക്കുന്ന നയപരിപാടികളാണ് അതടിച്ചേല്പിക്കുന്നത്. കടക്കെണിയിൽ കുടുങ്ങാത്ത രാജ്യങ്ങളില്ല. ആർക്കും രക്ഷപ്പെടാൻ പഴുതുകളില്ലാത്ത അവസ്ഥ."

കഴിഞ്ഞമാസാദ്യം (ജനുവരി 6 ന്) ഹൈദരാബാദിൽ സമാപിച്ച ഏഷ്യൻ സോഷ്യൽ ഫോറത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്ന മുൻ രാഷ്ട്രപതി കെ. ആർ. നാരായണൻ പറഞ്ഞതാണിത്.ആഗോളവത്കരണത്തിന്റെ ഇരമ്പിക്കയറ്റത്തെ പിന്നോട്ടോടിക്കുന്ന ശക്തമായ ജനകീയ പ്രസ്ഥാനങ്ങളുണ്ടാകണം. ഏഷ്യൻ സോഷ്യൽ ഫോറത്തിന് അവയ്ക്കുയിരും കരുത്തും നല്കാൻ കഴിയണമെന്ന് മുൻ പ്രസിഡണ്ട് പ്രത്യാശിച്ചു. "ലോകം മുഴുവൻ കാൽക്കീഴിലാക്കാനുള്ള ഒരു വൻശക്തിയുടെ കരുനീക്കം തന്നെയാണ് ആഗോളവത്കരണം. കൊളോണിയിലിസത്തിന്റെ കടന്നുകയറ്റത്തെ ചെറുത്തുതോല്പിച്ചമട്ടിൽ ഇന്ത്യക്കാർ ഈ പുതിയ വിപത്തിനെയും നേരിടണ" മെന്നദ്ദേഹം ആഹ്വാനം ചെയ്തു.

പരിഷ്കരണങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം സമ്മതിച്ചു. പക്ഷെ അതാർക്കുവേണ്ടി, എന്തിനുവേണ്ടി? അതുകൊണ്ട് ജനങ്ങൾക്ക് ജീവിതം മെച്ചപ്പെടുത്താൻ കൂടുതൽ അവസരങ്ങൾ ഉണ്ടാകണം. എന്നാൽ സംഭവിക്കുന്നത് അതല്ല. ജനങ്ങൾക്ക് ഉള്ള തൊഴിലവസരങ്ങൾ കൂടി നഷ്ടപ്പെടുന്നു. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും പരിഷ്കരണ പരിപാടികൾ സാധാരണക്കാരുടെ ജീവിതക്ലേശങ്ങളെ വർധിപ്പിച്ചെന്നദ്ദേഹം എടുത്തു പറഞ്ഞു.

"പൊതു മേഖലാസ്ഥാപനങ്ങൾ നമ്മുടെ അത്യധ്വാനത്തിന്റെ സത്ഫലങ്ങളായിരുന്നു. അവ ഇന്ത്യയുടെ വിജയ പ്രതീകങ്ങളായിരുന്നു. ലാഭമുണ്ടാക്കാൻ അതോരോന്നായി വില്ക്കുകയാണിപ്പോൾ. അതിന് ഒരു ന്യായീകരണവുമില്ല. ഇത്തരം പരിപാടികളെ ജനങ്ങൾ സംഘടിച്ചെതിർക്കണം". മുൻ പ്രസിഡണ്ട് പറഞ്ഞു. "അനേകം ദേശീയതകളും മതങ്ങളും ഒരുമിച്ചുപുലരുന്ന ബഹുസ്വരിതമായ ഒരു ലോകമാണ് നമ്മുടേത്. നാളെയും അതങ്ങനെത്തന്നെ നിലനില്ക്കണം. ആഗോളവത്കരണം മുന്നോട്ടുവെയ്ക്കുന്ന വൈചിത്ര്യഹീനമായ ലോകം നമുക്കു വേണ്ട." മുൻ പ്രസിഡണ്ടിന്റെ സമാപന പ്രസംഗം ഏഷ്യൻ സോഷ്യൽ ഫോറത്തിന് വ്യക്തമായ ദിശാസൂചനകൾ നല്കുന്ന തരത്തിലുള്ളതായിരുന്നു.

പുതിയൊരു ലോകക്രമം സാധ്യമാണോ എന്ന ചോദ്യമാണ് സമ്മേളനം മുന്നോട്ടുവെച്ചത്. 14460 പ്രതിനിധികൾ, 840 സംഘടനകൾ 160 സെമിനാറുകൾ, 140 വർക്ക്ഷോപ്പുകൾ, എന്നിങ്ങനെ അതിവിപുലമായിരുന്നു സമ്മേളനത്തിന്റെ പ്രതലം, അവികസിത രാജ്യങ്ങളിലെ സാധാരണ ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ആഗോളവത്കരണത്തിന്റെ സമ്മർദ്ധങ്ങൾ വിശദമായി ചർച്ചചെയ്യപ്പെട്ടു. ആഗോളക്കുത്തകകളും ലോകവാണിജ്യത്തിന്റെ ദല്ലാൾ സംഘങ്ങളും ഇവർ ക്കൊക്കെ ഒത്താശ ചെയ്യുന്ന ദേശീയഭരണ നേതൃത്വങ്ങളുംചേർന്ന് രചിക്കാൻ ശ്രമിക്കുന്ന പുതിയ ചരിത്രം തിരുത്തിക്കണമെന്ന ആഹ്വാനത്തോടെയാണ് ഈ മഹാ സംഗമം സമാപിച്ചത്.■

---

പേജ്1 ←

നമ്മുടെ സമൂഹത്തെയും പരസ്ഥിതിയേയും നശിപ്പിക്കുന്നതിൽ ഒരു നിർണായക പങ്കുവഹിച്ച 'നിർമ്മാണ വ്യവസായരംഗം' ഇന്നു വൻപ്രതിസന്ധിയിലാണ്. അതു മറികടക്കാനെന്ന പേരിലാണ് 'കടലിൽ നിന്നും മണലൂറ്റുന്ന പദ്ധതി' മുന്നോട്ടു വയ്ക്കുന്നത്. ആഴക്കടലിൽ (തീരത്തു നിന്നും രണ്ടു കിലോമീറ്ററിനപ്പുറം) നിന്ന് പ്രതിദിനം ലക്ഷക്കണക്കിനു ടൺ മണൽവാരലാണ് പരിപാടി. അതിലോലമായ തീരപ്രദേശമാണ് നമ്മുടേത്. (മറ്റു ചില രാജ്യങ്ങളിൽ ഇതല്ല അവസ്ഥ.) ഉയർന്ന ജനസാന്ദ്രതയും മത്സ്യസമ്പത്തിനെ ആശ്രയിക്കുന്ന ലക്ഷക്കണക്കിനു മനുഷ്യരും തീരപ്രദേശത്തുണ്ട്. വൈപ്പിൻ, ചെല്ലാനം, കുട്ടനാട് തുടങ്ങിയ ഒട്ടേറെ ജനവാസകേന്ദ്രങ്ങൾ കടലെടുത്തുപോകും. (കടലിൽ നിന്നു മണലെടുത്ത കുഴിയിലേക്ക് കരയിൽ നിന്നും മണ്ണൊലിച്ചിറങ്ങുമെന്നറിയാത്തവർ ആരാണ്?) സങ്കീർണമായ ആവാസവ്യവസ്ഥ നിലനിൽക്കുന്നതിനാലാണ് നമ്മുടെ തീരത്ത് ഇത്രയധികം മത്സ്യസമ്പത്തുള്ളത്. വൻകരപ്പടി (കോണ്ടിനെന്റൽഷെൽഫ്) എന്നറിയപ്പെടുന്ന ഈ തീരക്കടലിനെ ആശ്രയിക്കുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുണ്ട്. നമ്മുടെ കയറ്റുമതിയിൽ വലിയൊരു പങ്ക് ഇവിടെ നിന്നാണ് ഇത്രയധികം മണൽകഴുകാൻ വേണ്ട ദശലക്ഷക്കണക്കിനു ലിറ്റർ ശുദ്ധ ജലം ഈ തീരപ്രദേശത്തെങ്ങനെ കിട്ടും? കുടിവെള്ളം കിട്ടാത്തതിനാൽ പലവിധ രോഗങ്ങളും ഇവിടെ സാധാരണമാണ്. "മത്സ്യത്തൊഴിലാളിയുടെയും മററും പ്രശ്നം നോക്കിയാൽ വികസനം ഉണ്ടാകില്ല" എന്നതാണ് അധികൃതരുടെ നിലപാട്. പത്തുലക്ഷം പേരെ കടലിലെറിഞ്ഞിട്ട് ഈ വികസനം ആർക്കാണ്?

മലയാളിയുടെ ചിരകാലസ്വപ്നമെന്നപേരിൽ മാദ്ധ്യമങ്ങൾ അവതരിപ്പിക്കുന്ന എക്സ്പ്രസ് ഹൈവേ വിനാശകരമായ ഒരു പദ്ധതിയാണ്. 17 സ്ഥലത്തുനിന്നു മാത്രം പ്രവേശനമുള്ള ഹൈവേയിൽ കൂടി വണ്ടിയോടിക്കാൻ കീലോമീറ്ററിന് രണ്ടുരൂപ വരെ ടോൾ നൽകണം. ഇതുകടന്നു പോകുന്ന ഇടങ്ങളിലെ പാടങ്ങളും ജലാശയങ്ങളും നശിക്കുമെന്നുമാത്രമല്ല ഇടറോഡുകളെല്ലാം മുറിഞ്ഞുപോകും. ഇതിലൂടെ ക്രോസിങ്ങ് ഇല്ല. 110 - 120 കിലോമീറ്ററിൽ യാത്ര ചെയ്യാനാകുന്ന വിദേശകാറുകളുടെ കമ്പോളവികസനമാണിതിന്റെ ലക്ഷ്യം.

സ്വകാര്യസ്ഥാപനത്തിന് വൻ തോതിൽ ടോൾ പിരിക്കാൻ കഴിയുന്ന ഈ ഹൈവേക്ക് സ്ഥലം എടുത്തു നൽകുന്നത് സർക്കാരാണ്. ഭൂമി പോകുന്നവർക്ക് പണം നൽകില്ല. പകരം ആ പണം സ്വകാര്യ കമ്പനിയുടെ ഓഹരിയാക്കി മാറ്റും. ദരിദ്രന്റെ കിടപ്പാടമാണ് ധനികന്റെ സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള മൂലധനം!

ജിമ്മിലെ മിക്കപദ്ധതികളും വിൽപന തന്നെയാണ്. പൊതുസ്ഥലങ്ങളും പൊതുസമ്പത്തുകളും വിഭവങ്ങളും വിറ്റു തുലയ്ക്കാൻ തന്നെ നഗരങ്ങളിലെ സ്ഥലങ്ങലങ്ങളുടെ വിൽപനയിൽ വൻ കമ്മീഷൻ ഉണ്ട്. അതു വീതം വച്ചാണ് 'സമവായം' ഉണ്ടാക്കുന്നത്. മെഡിക്കൽകോളേജുകളിൽ സ്വകാര്യസൂപ്പർസ്പെഷ്യാലിറ്റി വാർഡുകൾ പണിത് കൊള്ള നടത്തുന്നതാണൊരു പദ്ധതി. ഇങ്ങനെ എത്രവേണമെങ്കിലും പറയാം. ചുരുക്കത്തിൽ കേരളം മൊത്തമായും വിൽപനയ്ക്കു വയ്ക്കുന്നു. ഒരു റിഡക്ഷൻ സെയിൽ മേളയാണിത്. ഇതു വിജയിപ്പിക്കുവാനായി ഭൂപരിഷ്ക്കരണം, ഭൂവിനിയോഗം തുടങ്ങി പ്രതിഷേധിക്കാനുള്ള അവകാശം വരെയുള്ള നിയമങ്ങൾ മുതലാളിക്കനുകൂലമായി മാറ്റപ്പെടുകയാണ്. ഇപ്പോൾ നമുക്ക് പ്രതികരിക്കാനായില്ലെങ്കിൽ പിന്നീടൊരിക്കലും അതിനായില്ലെന്നു വരാം. അതിനിനി അവസരമോ, ഇടമോ ഉണ്ടായേക്കില്ല!. ■

# സ്ത്രീധന നിരോധന നിയമം – സാമൂഹ്യ പശ്ചാത്തലത്തിൽ

അഡ്വ. ജാസ്മിൻ ജോസഫ്

"നിയമം സാമൂഹ്യ മാറ്റത്തിന്' എന്ന വാദം നിയമത്തിന്റെ സാമൂഹ്യ പ്രസക്തിയെക്കുറിച്ചുള്ള ചിന്തകളിൽ പ്രധാനപ്പെട്ടതാണ്. ആവാസ വ്യവസ്ഥയാൽ ഒരു പ്രത്യേക നിയമത്തിന്റെ ആവശ്യം അംഗീകരിക്കപ്പെടുകയോ നിലവിലുള്ള നിയമങ്ങളുടെ അപര്യാപ്തത ബോദ്ധ്യപെടുകയോ ചെയ്യുമ്പോഴാണ് പുതിയ നിയമങ്ങളും അവയുടെ ചട്ടങ്ങളും ഉടലെടുക്കുന്നത്. ചുരുക്കത്തിൽ, പുതുതായി നിർമ്മിക്കപ്പെടുന്ന ഓരോ നിയമത്തിന്റെയും പ്രേരണയായിത്തീരുന്ന സവിശേഷമായ ഒരു പശ്ചാത്തലമുണ്ട്. ഉദാഹരണമായി. ഗർഭാവസ്ഥയിൽ തന്നെ അപ്രത്യക്ഷമാകുന്ന പെൺഭ്രൂണങ്ങൾ എന്ന സാമൂഹ്യദുരവസ്ഥയ്ക്ക് പരിഹാരമായി നിലവിൽ വന്നതാണ്. ഭ്രൂണ പരിശോധനാ സംവിധാന ദുരുപയോഗ നിയന്ത്രണനിയമം. സതിനിരോധനം പോലെയുള്ള നിയമങ്ങൾ ഒരു സാമൂഹ്യ മുന്നേറ്റത്തിന്റെ ഭാഗമായി ഉണ്ടായവയാണ്. ഈ രണ്ടവസ്ഥകളിലും കാണുന്ന കാതലായ തത്വം ഇതാണ്. നിലവിലുള്ള സ്വാതന്ത്ര്യത്തിന്റെ അധികാരത്തിന്റെ ദുരുപയോഗം തടയുക; രചനാത്മകമായ സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തിയായിത്തീരുക; സമൂഹത്തിന്റെ ശ്രേയസ്സിനും പ്രേയസ്സിനും വിരുദ്ധമായ പ്രവണതകളെ തടയുക – എന്നിവയാണ് നിയമങ്ങളുടെ ലക്ഷ്യവും സാധൂകരണവും. നിയമം സഭയിൽ നിർമ്മിക്കപ്പെടുന്നുവെങ്കിലും ജീവിക്കുന്നത് ജനമദ്ധ്യത്തിലാണ്. ചില നിയമങ്ങൾ സമൂഹം സ്വീകരിക്കുന്നതും, തിരസ്കരിക്കുന്നതും പ്രയോഗത്തിൽ കാണാനാകും. നിയമനിർമ്മാണങ്ങളുടെ ഉറവിടം ജനസാമാന്യത്തിന്റെ ആവശ്യപ്രകാരമാകുമ്പോൾ പ്രയോഗക്ഷമത വർദ്ധിക്കുന്നു. എന്നും സമൂഹത്തിൽ നിലവിലിരിക്കുന്ന ആചാരങ്ങളെയോ, സമ്പ്രദായങ്ങളേയോ മാറ്റുവാനാണ് നിയമമെങ്കിൽ എതിർപ്പിനെ നേരിടേണ്ടിവരുമെന്നും ഒരു പൊതുധാരണയുണ്ട്. ഉദാഹരണമായി പലപ്പോഴും ചൂണ്ടിക്കാണിക്കാറ് 1961 ൽ നിലവിൽ വരികയും നിരവധി ഭേദഗതികളോടെ ഇന്നും നിലവിലിരിക്കുന്നതുമായ സ്ത്രീധന നിരോധന നിയമമാണ്. എല്ലാ മാറ്റങ്ങളും തുടക്കത്തിൽ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും ക്ഷണിച്ചു വരുത്തും. സമൂഹത്തിൻ ആഴത്തിൽ വേരൂന്നിയ ശീലങ്ങളും സമ്പ്രദായങ്ങളുമാണ് മാറ്റത്തിന് വിധേയമാകുന്നതെങ്കിൽ പ്രതിഷേധം ഉറപ്പ്. ഉദാഹരണം സ്ത്രീധന നിരോധനനിയമം തന്നെ.

സ്ത്രീധനരഹിത വിവാഹരീതികൾ വ്യാപകമാക്കാനാണ് നിയമം അടിസ്ഥാന ലക്ഷ്യമിട്ടിട്ടുള്ളത്. സമൂഹത്തന്റെ ആത്യന്തിക ലക്ഷ്യം. ഇതിനായി സ്ത്രീധനം കൊടുക്കുന്നതും, വാങ്ങുന്നതും, പ്രേരിപ്പിക്കുന്നതും കുറ്റകൃത്യമാക്കുകയും 5 വർഷമോ അധികമോ തടവ് ശിക്ഷ വിധിക്കാനും സ്ത്രീധനത്തുകയോ; 15,000 കയോ ഏതാണോ കൂടുതൽ അത് പിഴയായി ഈടാക്കാനും വ്യവസ്ഥയുണ്ട്. ആവശ്യപ്പെടാതെ നൽകുന്ന സമ്മാനങ്ങൾ സ്ത്രീധനം എന്ന പദത്തിൽ ഉൾപ്പെടുന്നില്ല. ഇത്തരം സമ്മാനങ്ങളുടെ വിവരങ്ങൾ ലിസ്റ്റിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ് എന്ന് മാത്രം. സ്ത്രീധം ആവശ്യപ്പെടുന്നതാകട്ടെ 6 മാസം മുതൽ രണ്ട് വർഷം വരെ തടവ് ശിക്ഷയും 10,000 കവരെ പിഴയും ശിക്ഷയായി നൽകാവുന്ന കുറ്റകൃത്യമാണ്.

സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 498 A, 304 B എന്നീ ഭേദഗതികൾ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ഉൾപ്പെടുത്തി. അനുബന്ധ വ്യതിയാനങ്ങൾ തെളിവ് നിയമത്തിലും വരുത്തിയിട്ടുണ്ട്. സ്ത്രീധനസൂചന ഉൾപ്പെടുന്ന പരസ്യങ്ങൾ നൽകുന്നതും, അവ പ്രസിദ്ധപ്പെടുത്തുന്നതും ശിക്ഷാർഹമാണ്.

നിയമ ലംഘനം വ്യാപകമാകുമ്പോൾ കാരണങ്ങൾ തേടേണ്ടത് പൗരബോധമുള്ള ഒരു ജനതയുടെ ആവശ്യമായിവരും. പലപ്പോഴും ഉയർന്ന് വരാറുള്ള ആരോപണം ഈ നിയമം പാരമ്പര്യങ്ങളെ എതിർക്കുന്നു എന്നതാണ്. ഭാരതത്തിൽ നൂറ്റാണ്ടുകളായി നിലവിലിരുന്ന സമ്പ്രദായമാണിതെന്നും സംസ്കാരവുമായി ഇഴുകിച്ചേർന്ന ഒന്നിനെ നിയമം മൂലം പരിഷ്കരിക്കാൻ ശ്രമിക്കുന്നത് മൗഢ്യമാണെന്നും വിശദീകരണങ്ങളുണ്ട്.

ശരിയാണ് 'സ്ത്രീധനം' എന്ന പദം ഭാരതത്തിൽ പുരാതനകാലം മുതൽ നിലനിന്ന് പോരുന്നു. എന്നാൽ ഗതകാലങ്ങളിൽ ഈ പദത്തിന് ഇന്നുള്ള വാണിജ്യമുഖം ഇല്ലായിരുന്നു എന്ന് മാത്രം. സ്ത്രീയുടെ നിയന്ത്രണത്തിലുള്ളതും അവളുടെ കാലശേഷം സ്വന്തം അവകാശികൾക്ക് ലഭിക്കേണ്ടതുമായ സ്വത്തിനെയാണ് 'സ്ത്രീധനം' എന്ന പദം കൊണ്ട് വിവക്ഷിച്ചിരിക്കുന്നത്. നിയന്ത്രണത്തിൽ എന്ന് പറയുമ്പോൾ പോലും ഭർത്താവിന്റെ അനുമതിയില്ലാതെ ക്രയവിക്രയം അസാദ്ധ്യമായിരുന്നു എന്നൊരു പാഠഭേദം കൂടിയുണ്ട്. 'സ്ത്രീധനം' എന്നതിൽ പൊതുവേ ഉൾപ്പെട്ടിരുന്നത് ആഭരണങ്ങളും, ബന്ധുക്കളിൽ നിന്നോ ഭർത്താവിൽ നിന്നോ ലഭിക്കുന്ന സമ്മാനങ്ങളുമാണ്. പിതാവോ, മാതാവോ, സഹോദരനോ, മറ്റ് ഉറ്റവരോ നൽകുന്ന മൂല്യവത്തായ വസ്തുക്കൾ സ്ത്രീയുടെ സ്വകാര്യ ധനമായി കരുതിപോന്നിരുന്നു. സ്മൃതികളിൽ സ്ത്രീധനം എന്നത്കൊണ്ട് വിവക്ഷിക്കുന്നത് താഴെ പറയുന്നവയെ ആണ്.

1. വിവാഹാഗ്നി സാക്ഷിയായി നൽകുന്നത്
2. പിതൃഭവനത്തിൽ നിന്ന് ഭർതൃഭവനത്തിലേയ്ക്ക് ആനയിക്കപ്പെടുമ്പോൾ വധുവിന് ലഭിക്കുന്നവ
3. പിതൃസ്നേഹത്താലോ, ഭ്രാതൃസ്നേഹത്താലോ നൽകപ്പെടുന്നവ
4. മുതിർന്നവരെ വന്ദിക്കുമ്പോൾ ലഭിക്കുന്നതും ഭർത്താവിന്റെ മാതാപിതാക്കളിൽ നിന്ന് ലഭിക്കുന്നതുമായ ഉപഹാരങ്ങൾ
5. പിതാവ്, മാതാവ്, സഹോദരൻ എന്നിവർ നൽകുന്ന സമ്മാനങ്ങൾ
6. വിവാഹശേഷം ഭർതൃഭവനത്തിൽ നിന്നോ, പിതൃഭവനത്തിൽ നിന്നോ ലഭിക്കുന്ന സമ്മാനങ്ങൾ
7. ഭർത്താവ് മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുമ്പോൾ ലഭിക്കുന്ന സമ്മാനങ്ങൾ
8. പിതാവിന്റേയും മാതാവിന്റേയും ബന്ധുക്കളിൽ നിന്ന് ലഭിക്കുന്ന സമ്മാനങ്ങൾ
9. വിവാഹിതയാകുന്നതിന് ലഭിക്കുന്ന പ്രതിഫലം

*(അവലംബം. മെയ്ൻസ് ഹിന്ദുലോ & യൂസേജ്, 643-ാംഖണ്ഡിക)*

സ്ത്രീയുടെ സ്വത്ത് എന്ന സ്ത്രീധനത്തിന്റെ നിർവ്വചനത്തിൽ നിന്ന്, വിവാഹിതനാകുന്നതിന് പ്രതിഫലമായി വധുവിന്റെ കുടുംബം വരനു നൽകാൻ ബാദ്ധ്യസ്ഥമായത് എന്ന തലത്തിലേയ്ക്കുള്ള പരിണാമം ഒരു പുരുഷാധിപത്യ സമൂഹത്തിന്റെ സ്വേച്ഛാനുസൃത സൃഷ്ടിയായേ കാണാനാകൂ. കാലങ്ങളായി നിലനിൽക്കുന്ന ആചാരത്തിന്റെ തുടർച്ച എന്ന് പോലും അവകാശപ്പെടാനില്ലാത്ത

➡ പേജ് 8 ൽ

# പ്രകൃതിയുടെ സ്ത്രീവിരുദ്ധനയം

## കെ. ആർ. ഇന്ദിര

സദാചാര ചിന്തകൾക്ക് പരിമിതിയുണ്ട്. ലൈംഗികതയിലെത്തുമ്പോൾ മിക്കവാറും അതിന് ഫുൾസ്റ്റോപ്പ് വീഴുന്നു. ഉച്ചത്തിൽപ്പറഞ്ഞിരുന്നവർ ശബ്ദം കുറുക്കുന്നു; കുറുക്കിപ്പറഞ്ഞിരുന്നവർ ചുണ്ടുകൾക്ക് മുദ്ര വെയ്ക്കുന്നു. എനിയ്ക്കും സങ്കോചമുണ്ട് തുറന്നെഴുതാൻ. സദാചാരികൾ എന്റെ എഴുത്തുവായിച്ച് ഞാനൊരു ദുർനടപ്പുകാരിയാണെന്നു തീരുമാനത്തിലെത്തുകയും ദുർനടപ്പുകാരിയെ കല്ലെറിയുകയോ ബലാൽസംഗം ചെയ്ത് ശിക്ഷിക്കുകയോ ചെയ്യാൻ ഒരുമ്പെടുകയും ചെയ്തേക്കാം. എങ്കിലും ഞാൻ പറഞ്ഞു തുടങ്ങട്ടെ.

പ്രകൃതിയും പുരുഷനും എന്ന ദ്വന്ദ്വത്തിന്റെ സൗന്ദര്യത്തിൽ മയങ്ങി കാലയാപനം കഴിയ്ക്കുന്നവരാണ് ഇവിടത്തെ ജനം. പ്രകൃതിയും സ്ത്രീയും ഒന്നാണ് എന്നും രണ്ടും തമ്മിൽ അഭേദ്യതയുണ്ട് എന്നും മറ്റുമാണ് പ്രകൃതി സ്ത്രീവിരുദ്ധമാണ് എന്നാണ് എന്റെ വാദം. Nature, Natural എന്നീ ഇംഗ്ലീഷ് പദങ്ങളോട് ബന്ധപ്പെടുത്തിയിട്ടുള്ള ഋജുവായ അർത്ഥകൽപ്പനയാണ് പ്രകൃതി എന്ന പദത്തിന് ഞാനിവിടെ നൽകുന്നത്. അണ്ഡത്തിന്റെയും ബീജത്തിന്റെയും സംയോഗത്തിലൂടെ രൂപം കൊള്ളുന്ന Zygote ൽ മാതാപിതാക്കളുടെ ക്രോമസോമുകൾ നിശ്ചയിക്കുന്ന ലിംഗാവസ്ഥയാണുള്ളത്. അത് ആയുഷ്ക്കാലം മുഴുവൻ നിലനില്ക്കുന്ന ഒന്നാണുതാനും. ഒരു ജോഡി ക്രോമസോമിൽ ഒരു X - Y ഭേദം നിമിത്തം ആ Zygote ജീവാവസാനം വരെ പെണ്ണായിട്ടനുഭവിയ്ക്കുന്നത് എന്തെല്ലാം.

1. മറ്റൊരു പെൺ ജീവിയ്ക്കുമില്ലാത്ത വിധം ആർത്തവാരിഷ്ടതകൾ ജീവിതകാലത്തിൽ പകുതിയും അനുഭവിയ്ക്കേണ്ടിവരുന്നു മനുഷ്യസ്ത്രീയ്ക്ക്.

2. മറ്റു പെൺജാതികൾക്കുള്ളതിനേക്കാൾ എത്രയോ മടങ്ങ് ഗർഭാരിഷ്ടതകളും മരണങ്ങളും മനുഷ്യസ്ത്രീ അനുഭവിയ്ക്കുന്നു (ആധുനിക വൈദ്യശാസ്ത്രം സഹായിയ്ക്കാനില്ലെങ്കിൽ നല്ലൊരു ശതമാനം സ്ത്രീകൾ ഇപ്പോഴും പ്രസവത്തിനിടെ മരിച്ചുപോവും. പ്രകൃതി അങ്ങനെയാണ് പെണ്ണിനോട് പെരുമാറുന്നത്)

3. പെണ്ണറിയാതെ അവളെ ഗർഭിണിയാക്കാൻ പുരുഷനു കഴിയും. ബോധരഹിതയായി കിടക്കുന്നവളോ ഗാഢനിദ്രയിൽ കിടക്കുന്നവളോ, ഭ്രാന്തിയോ, മന്ദബുദ്ധിയോ ആരുമാവട്ടെ സ്ത്രീ. പെണ്ണിന് താത്പര്യമില്ലെങ്കിലും അവൾ ഗർഭിണിയാവാം. എന്നാൽ പുരുഷന് താത്പര്യമില്ലെങ്കിൽ സംയോഗക്രിയ നടക്കുകയുമില്ല.

4. പ്രകൃതിവിധേയമല്ലാത്ത കൃത്രിമമാർഗങ്ങൾ ഉപയോഗിച്ച് തടസ്സം ചെയ്യുന്നതുകൊണ്ടാണ് ഗർഭധാരണം ഇന്ന് നിയന്ത്രണ വിധേയമായിരിയ്ക്കുന്നത്. അങ്ങനെ തടസ്സം ചെയ്യുന്നില്ലെങ്കിൽ സാധാരണ ഗതിയിൽ സ്ത്രീകൾ ഗർഭിണി അല്ലെങ്കിൽ പാലൂട്ടുന്ന അമ്മ എന്ന നിലയിൽ കൗമാരം മുതൽ വാർദ്ധക്യം വരെ ജീവിയ്ക്കേണ്ടി വരും. ബാല്യത്തിലും വാർദ്ധക്യത്തിലുമാവട്ടെ സ്വന്തമായ നിലനിൽപ്പ് സാദ്ധ്യവുമല്ല. ചുരുക്കത്തിൽ സ്ത്രീജന്മം മുഴുവൻ ആശ്രിതത്വത്തിൽ കുരുങ്ങിപ്പോവുന്നു.

ഇത്രയും ഭൗതികമായ പ്രാകൃതിക വിവേചനം

ഇനി മാനസികം

ഈസ്ട്രജൻ, പ്രൊജസ്ട്രോൺ, ടെസ്റ്റസെറ്ററോൺ, ആൻഡ്രജൻ എന്നീ ലൈംഗികഹോർമോണുകളുടെ ഏറ്റക്കുറച്ചിലനുസരിച്ച് സ്ത്രീകളിൽ സ്ത്രൈണത കൂടിയ സ്ത്രീകളും പൗരുഷമുള്ള സ്ത്രീകളുമുണ്ട്. അതുപോലെ പുരുഷന്മാരിൽ പൗരുഷമുള്ള പുരുഷന്മാരും സ്ത്രൈണതയുള്ള പുരുഷന്മാരും ഉണ്ട്. എങ്കിലും ബഹുഭൂരിപക്ഷം സ്ത്രീകളും സ്ത്രൈണതയുള്ളവരാണ്. ബഹുഭൂരിപക്ഷം പുരുഷന്മാർ പൗരുഷമുള്ളവരുമാണ് (ഭൂരിഭാഗം സ്ത്രീകൾക്കും ഇനി പറയാൻ പോവുന്ന കാര്യം ബാധകമാണ് എന്ന് സമർത്ഥിയ്ക്കാനാണ് ഈ വരികൾ)

പരസ്പരാകർഷണത്തിന്റെ ഇളം പ്രായത്തിൽത്തന്നെ പെൺകുട്ടികൾ പ്രണയിക്കാൻ തുടങ്ങുന്നു. അവളുടെ ബോധത്തിൽ, വിചാരത്തിൽ, വികാരത്തിൽ, ഉണർവിൽ, നിദ്രയിൽ അവൻ നിറയുന്നു. അവൾ മോഹിതയാവുന്നു. പ്രണയത്തിൽ വഞ്ചിയ്ക്കപ്പെട്ടിട്ടുള്ള സ്ത്രീകളെപ്പറ്റി പറഞ്ഞു കേൾപ്പിയ്ക്കുമ്പോൾ അവൾ ആത്മവിശ്വാസത്തോടെ പ്രതികരിയ്ക്കും, 'എന്റെ ചേട്ടൻ അങ്ങനെ ചെയ്യില്ല'

ഈ മനോഭാവമാണ് പ്രകൃതി സ്ത്രീയോട് കാട്ടിയ ഏറ്റവും വലിയ മാനസിക വിവേചനം. അവൾ അവളുടെ പുരുഷനെ, കമിതാവിനെ വിശ്വസിച്ച്, മോഹിച്ച്, അവനിൽ ഭ്രമിച്ച്, സർവവും മറന്ന് അവനിൽ പടരാൻ വെമ്പുന്നു. അവൾക്ക് രതിയും പ്രണയവും വേർതിരിഞ്ഞു നിൽക്കുന്നവയല്ല. പ്രണയത്തിന്റെ പൂരണമാണവൾക്ക് രതി. ഇതിന് പ്രായഭേദമില്ല.

ഇത്രയും കാരണങ്ങൾകൊണ്ട് പ്രകൃതി സ്ത്രീവിരുദ്ധമാണ് ഇതാണ് പ്രകൃതി; സ്ത്രീയുടെ ഈ സവിശേഷതകൾ പ്രകൃത്യാനുകൂലമാണ് എന്നു വേണമെങ്കിൽ വാദിയ്ക്കാം. ഈ വാദം സാധുവായി ഗണിയ്ക്കുകയാണെങ്കിൽ, സനാതനികൾ പറയും പോലെ സ്ത്രീകൾ ഒതുങ്ങിക്കഴിയേണ്ടിവരും. രാഷ്ട്രപുനർ നിർമ്മാണം, ശാസ്ത്ര പുരോഗതി തുടങ്ങിയ ഗൗരവപ്പെട്ട വിഷയങ്ങൾ പുരുഷന് കൈകാര്യം ചെയ്യാനുള്ളതാണ് എന്ന് സമാധാനിക്കേണ്ടി വരും. ■

# പത്രങ്ങൾ നമ്മുടെ പോക്കറ്റടിക്കുമ്പോൾ!

## ഫ്രാൻസിയർ

ഒരു ശരാശരി മലയാളിയുടെ ദിനം തുടങ്ങുന്നതു പത്രവായനയിലൂടെയാണ്. പത്രമില്ലാദിനത്തിന്റെ മൗഢ്യം, അനുഭവിച്ചവർക്കേ അറിയൂ. നമ്മുടെ ഭാഷാപത്രങ്ങൾ ചുരുങ്ങിച്ചുരുങ്ങി പ്രാദേശിക വാർത്തകളും, കമ്പോള പരസ്യങ്ങളും മാത്രമായി ഏതാണ്ട് 16 പേജിലിറങ്ങുമ്പോൾ ലോകമറിയാതെയും നേരറിയാതെയും നാം കുഴങ്ങുന്നു. പത്രവായനയുടെ 'അഡിക്ഷൻ' ചില പത്രങ്ങളോടുമാത്രം മിത്രങ്ങളായി കഴിയാൻ നമ്മുടെ മനസ്സിനെ സജ്ജമാക്കുന്നു! ഏതാണ്ട് 3 രൂപ ഇരുപത്തഞ്ചുപൈസ നല്കി നാം വാങ്ങുന്ന 16 പേജ് ഭാഷാപത്രം ഏറെ നുണകൾ നമ്മെക്കൊണ്ട് വിശ്വസിപ്പിക്കുന്നു. വേദനകൾ 'പൈങ്കിളി'കളാക്കി നമ്മുടെ മനസ്സിനെ മലിനമാക്കുന്നു.

നോക്കൂ, നിങ്ങളിന്നു വാങ്ങിവായിച്ച പത്രത്തെക്കുറിച്ചൊന്നാലോചിക്കൂ. അവയിലെ പരസ്യങ്ങൾ മാത്രം വെട്ടിമാറ്റിയാൽ വാർത്തയെത്ര? അതിൽത്തന്നെ വാർത്തയുടെ 'എത്തിക്സ്' നിലനിർത്തുന്ന വാർത്തകളെത്രേ? പത്രസ്ഥലത്തിന്റെ വെറും 25 ശതമാനം എന്തൊക്കെയോ എഴുതി നിറച്ച് വാർത്തയായ് അടിച്ച് 3 രൂപ 25 പൈസക്ക് നമുക്ക് നല്കുന്നു. 24 മുതൽ 60 വരെ പേജുകൾ ഉള്ള ചില ദേശീയ പത്രങ്ങളുടെ വില ഇന്നും ഒരു രൂപ അറുപതുപൈസമുതൽ 3 രൂപവരെമാത്രം! ഒരു സ്ക്വയർ സെ. മി പരസ്യസ്ഥലത്തിന് പത്രം വാങ്ങുന്ന പരസ്യത്തുകയുടെ കഥയും നമുക്കറിയാമല്ലോ. നിങ്ങളുടെ മുൻപിലിരിക്കുന്ന ആ പത്രമെടുത്ത ഒരു സ്കെയിലിനളന്നാൽ വിവരം പിടികിട്ടും. അത്ഭുതപ്പെടണ്ട. പത്രത്തിൽ പരസ്യക്കാരിടുന്ന പണക്കൂമ്പാരത്തിന്റെ വെറും ഒരുശതമാനം വായനക്കാർക്ക് നല്കിയാൽ പത്രവില എത്രയാകും? പത്രം വായനക്കാർക്കു വെറുതെ കൊടുത്താലും ലാഭം! ഇവിടെയാണ് നമ്മൾ പറ്റിക്കപ്പെടുന്നത്. തെരുവോരമാജിക്കാരന്റെ വാക്ധോരണി പോലെ പരസ്യത്തിനുകാശു വാങ്ങി അച്ചടിച്ച് നമുക്ക് നൽകി നമ്മുടെ പോക്കറ്റടിക്കുന്നു.

അടുത്തിടെ ഒരു പ്രാദേശിക പത്രം ഞായറാഴ്കളെ സമ്പന്നമാക്കുന്നത് "എക്സ്ക്ലൂസീവ് പുളു" എഴുതിയാണ്. ആത്മഹത്യ എന്ന ദുരന്തത്തെപ്പോലും 'പൈങ്കിളി'യും 'ഇക്കിളി'യുമാക്കി മാതൃകാ ആത്മഹത്യയായി അവതരിപ്പിച്ചു വിറ്റു! കാശിനുവേണ്ടി ഏതു നിലവാരം

➡ പേജ് 5 ൽ

# മുണ്ടകപ്പാടങ്ങളിൽ വിളഞ്ഞുകിടക്കുന്ന കോൺക്രീറ്റ് മണി സൗധങ്ങൾ

ഫ്രാൻസിയർ

**സ്വ**ർണ്ണവർണ്ണമാർന്ന കതിർകുലകൾ വിളഞ്ഞു ചാഞ്ഞുകിടന്നിരുന്ന കേരളത്തിലെ വയലേലകളിൽ ചെമ്മണ്ണിട്ടു നിറച്ചുയർത്തി കോൺക്രീറ്റ് കൂടുകൾ കെട്ടിനിറയ്ക്കുകയാണ് നാമിന്ന്. പെരുകുന്ന ജനസംഖ്യയെന്നും, നാടിന്റെ വികസനമെന്നും, നഷ്ടത്തിലാവുന്ന കൃഷിയെന്നും ഒക്കെ കാരണം നല്കി, മനസ്സാക്ഷിക്കുത്തകറ്റി, ജവഹർ നഗറുകളും, പ്രിയദർശിനി അവന്യൂകളും ഒക്കെ പാടത്തെ ചേറിനു മുകളിൽ പൊട്ടിമുളച്ചു തഴയ്ക്കുന്നു. നമ്മുടെ ഭക്ഷണ സാങ്കേതങ്ങളിലെ കടന്നുകയറ്റം വിനാശകരമാണെന്നും, വിത്തുകുത്തിയാണ് നാം ഉണ്ണുന്നതെന്നും അറിയാത്തവരല്ല സാക്ഷര കേരളത്തിലെ ബുദ്ധിരാക്ഷസർ. നമുക്കു കുടിക്കാൻ പാക്കറ്റ് പാലും, കുപ്പിവെള്ളവും , കോള ചുരത്തും യന്ത്രങ്ങളും; നമുക്കു ഭക്ഷിക്കാൻ തമിഴന്റെയും, തെലുങ്കന്റെയും കരിമ്പാടത്തു വിളയും അരി, പയർ, പച്ചക്കറി സാധനങ്ങളും സുഭിക്ഷമായി ലഭിക്കുവോളം മെയ്യനങ്ങാതെയുള്ള ഇരുപ്പിന്റെ ആ വല്ലാത്ത ഒരു സുഖമുണ്ടല്ലോ.......സീരിയൽ കമ്പിയിലൂടെ ഊറി വിഢ്ഢിപ്പെട്ടിയിലെത്തുന്ന കണ്ണീർ പൈങ്കിളികളിൽ രാപകൽ അഭിരമിക്കുകയും, മീശമാധവന്റെ തമാശകളിലൂടെ മലയാളിയുടെ ഫലിതാസ്വാദനമാപിനിയുടെ ദൈന്യത ലോകത്തിനു കാട്ടിക്കൊടുക്കയുമല്ലാതെ നാമെന്തു ചെയ്യാൻ?

വരും കാല ക്ഷാമ, പട്ടിണി, കലാപ ദിനങ്ങളുടെ ആസുരത ആരെ ഭയപ്പെടുത്താൻ? ഭക്ഷണം പൂട്ടിവയ്ക്കുന്ന ഏക ജീവിയായ മനുഷ്യൻ അന്നുമുതല്ക്കാണല്ലോ പ്രകൃതി വിരുദ്ധനായത്. വരാനുള്ള ലോകയുദ്ധത്തിനുള്ള കോപ്പ് ഭക്ഷണവും, കുടിവെള്ളവുമാണെന്ന വികസിത രാജ്യങ്ങളുടെ തിരിച്ചറിവാണല്ലോ നമ്മെ നമ്മുടെ ജൈവസംസ്കാര പൈതൃകങ്ങളിൽ നിന്നു തിരിച്ചുനടക്കാൻ പ്രേരിപ്പിക്കുന്ന മസ്തിഷ്ക്ക പ്രക്ഷാളനത്തിന്റെ മൂലകാരണം. കർഷകനെന്ന വാക്കിൻ തുമ്പിൽ പറ്റിയ ചേറും ചെളിയും തുടച്ചുമാറ്റാതെ, കോട്ടും ടൈയും, കാലിൽ ചക്രവും, കാതിൽ സെല്ലും പിടിപ്പിച്ച് പിടയ്ക്കുന്ന എക്സിക്യൂട്ടിവ് കുട്ടികളുടെ നിര 'ക്ലോൺ' ചെയ്തെടുക്കുന്ന വികസനമാണല്ലോ നമുക്കു ചുറ്റും. ചേറ്റിൽ ചവിട്ടുന്നവന് എലിപ്പനിവരുമെന്ന ശാസ്ത്ര തിരിച്ചറിവ് നമുക്കേറെ. നമ്മുടെ ഭക്ഷ്യനിലവറകൾ ശൂന്യതയുടെ ഇരുട്ടുമായി കഴിയുന്നതകറ്റാൻ തട്ടിനിരത്തൽ യന്ത്രങ്ങൾ ഏറെ നിരത്തുകളിൽ ഒരുങ്ങുകയാണല്ലോ. വികസനം മുണ്ടകപ്പാടങ്ങൾ കടന്ന് പുഞ്ചപ്പാടങ്ങളും, കോൾനിലങ്ങളും കൈയ്യടക്കി കോൺക്രീറ്റ് കെട്ടിടസമുച്ചയങ്ങൾ വളർന്നു വിളഞ്ഞു ചാഞ്ഞ് നാം വികസനത്തിലെത്തുന്നതാണല്ലോ വായ്ത്താരി. വയലേലകൾ നാടിന്റെ ശ്വാസകോശമാണെന്നു പറഞ്ഞ പമ്പരവിഢ്ഢിയാരാണ്? മഴയും പുഴയും വില്ക്കാനുള്ളതാണെന്നു തിരിച്ചറിയാത്ത വികസനം മുടക്കികൾ ആരാണ്? പണ്ടുണ്ടായിരുന്ന മുത്തശ്ശി പറഞ്ഞ കഥ വെറും പഴങ്കഥ. പടിഞ്ഞാറു നിന്നെത്തിയ പശുവിന്റെ വമ്പ് കണ്ട് കിണറ്റിലെ മാക്കാച്ചിത്തവള വയർ വികസപ്പിച്ച് അമ്പമ്പട ഞാനേ..... എന്ന്! 'ജിം' എന്നൊരു ശബ്ദം നിങ്ങളും കേട്ടുവോ? ■

പേജ് 4 ←

വരെപ്പോകാം എന്നതിനേറ്റം നല്ല ഉദാഹരണം!

ഏറെനാൾമുൻപ് ബസ്സ് ചക്രത്തിനടിയിൽ ചതഞ്ഞ് ജീവൻ വെടിയും മുൻപ് വേദനയോടെ വെള്ളത്തിനുകേഴുന്ന ഒരു കുഞ്ഞിന്റെ പടം പ്രസിദ്ധീകരിച്ച് പത്രധർമ്മം പ്രകടിപ്പിച്ചത് മലയാളി മനസ്സിൽനിന്നും മാഞ്ഞിട്ടുണ്ടാവില്ല. നമ്മെപ്പറ്റിച്ച് പോക്കറ്റടിക്കുന്ന ഇവരെ മനസ്സുമലിനീകരണകുറ്റത്തിനു ശിക്ഷിക്കാവുന്ന നിയമങ്ങൾ ഇനി എന്നാണാവോ ഉണ്ടാവുക? വില്പനക്കണക്കുകളുടെ കൂറ്റൻ ഹോഡിങ്ങുകളുയർത്തുമ്പോഴോർക്കുക നിങ്ങൾ തലമുറകളെയാണ് ഈ മലിനീകരണത്തിലൂടെ നശിപ്പിക്കുന്നത്. ജാതീയദുരാചാരങ്ങൾക്കും, അക്രമങ്ങൾക്കുമെതിരെ മുഖപ്രസംഗമെഴുതുന്ന പേജിനിപ്പുറമുള്ള ചരമക്കോളവും, വിവാഹപരസ്യവും ശ്രദ്ധിച്ചാൽ ഓരോ പത്രത്തിന്റെയും ജാതിയും മതവും തിരിച്ചറിയാനാവില്ലല്ലേ? കാപട്യവും; നേരിനുനേരെയുള്ള മുഖം തിരിക്കലും തിരിച്ചറിയാത്ത രീതിയിൽ നമ്മെ വശീകരിക്കാനുള്ള തന്ത്രം മെനയാൻ പഠിച്ചവരെ, കൂലിക്കുവച്ചിരിക്കുന്നതും നാലുചക്രം തട്ടിയെടുക്കാൻ തന്നെയാണല്ലോ. പക്ഷെ നമുക്കു പത്രം വായിക്കാതിരിക്കാനാവുന്നില്ലല്ലോ. നുണയുടെ ലഹരി നുണയുമ്പോഴും നമ്മൾ സാക്ഷരരാണെന്നുള്ള അഹംഭാവം നമ്മെ മയക്കികിടത്തുകയാണല്ലോ! ■

# ജനുവരി ഒന്ന്: പോലീസ്

പി.എൻ. ഗോപീകൃഷ്ണൻ

**പോ**ലീസ് നയത്തെക്കുറിച്ച് നടക്കുന്ന ചർച്ചകളെല്ലാം ജനത-പോലീസ് എന്ന സംയുക്ത ഗണത്തിലെത്തുമ്പോൾ പ്രസക്തി നഷ്ടപ്പെടുന്ന ഒന്നാണെന്ന് തെളിയിച്ചിരിക്കുന്നു, വലപ്പാട് സി.ഐ.യും സംഘവും, ഡിസം 31-ാം തീയ്യതി രാത്രി വാടാനപ്പള്ളിയിൽ വഴിവാണിഭക്കാരെ അകാരണമായി മർദ്ദിക്കുകയും അവരുടെ വസ്തുവകകൾ നശിപ്പിക്കുകയും ചെയ്തശേഷം പോലീസ് സൈന്യം ബസ്സ്റ്റോപ്പിൽ നിന്നിരുന്നവരെ തെറിവിളിച്ചു. കാണുന്നവരെയൊക്കെ വിരട്ടിയോടിച്ചു.

എത്രയോ കാലങ്ങളായി മാറ്റമില്ലാതെ ഇതാവർത്തിച്ചു തുടങ്ങിയിട്ട്. പോലീസ് V/S ജനത. ഗവൺമെന്റുകൾ മാറിമാറിവന്നു. പോലീസ് നാമത്തെക്കുറിച്ചുള്ള ചർച്ചകൾ വിവിധതലങ്ങളിൽ ഏറെ നടന്നു. എന്നാൽ ഇതൊന്നും ജനത - പോലീസ് എന്ന ബന്ധ-സങ്കീർണ്ണതയിൽ ഇതു വരെ ഊന്നിയിട്ടില്ല. പൗരരുടെയോ പോലീസിന്റെയോ മനുഷ്യാവകാശം ആ ചർച്ചയുടെ അജണ്ടയിൽ ഇനിയുമെത്തിയിട്ടില്ല. അതുവരെ വാടാനപ്പള്ളികൾ ആവർത്തിച്ചുകൊണ്ടിരിക്കും.

ഏതാനും വർഷങ്ങൾക്കു മുമ്പ് വഴിവാണിഭക്കാരെ ഒഴിവാക്കുന്നതിനിടയ്ക്ക് നടന്ന സംഘർഷത്തിലാണ് തൃപ്രയാറിൽ അബ്ദുൾ കരീം മരിക്കുന്നത്. സർവ്വാത്രയമായ പെട്ടിക്കട പോലീസ് എടുത്തെറിയുന്നത് കണ്ട് ഹൃദയസ്തംഭനം വന്ന് മരിക്കുകയായിരുന്നു കരീം. രണ്ടു കോളേജുകളും നിരവധി സ്കൂളുകളും, കേരളത്തിലെ മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ശാഖകളും, പ്രഹസമായ ഒരു ക്ഷേത്രവും ഉള്ള ഇടമാണ് തൃപ്രയാർ. വിദ്യാർത്ഥികളെയോ, രാഷ്ട്രീയപ്രവർത്തകരെയോ, ഭക്തരെയോ, കരീമിന്റെ നെഞ്ചുപൊട്ടിയുള്ള മരണം സ്പർച്ചിതേയില്ല. ഏതാനും ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ, ഒഴികെ ഒന്നുമുണ്ടായില്ല.

എന്നാൽ ഇക്കുറി അതായിരുന്നില്ല. പിറ്റേന്ന്, ജനുവരി 7 ന് തന്നെ സാർവ്വകക്ഷിയോഗം ചേരുകയും പ്രതിഷേധിക്കുകയും ചെയ്തു.രണ്ടു ദിവസങ്ങൾക്കു ശേഷം വാടാനപ്പള്ളി സെന്ററിൽ കൂട്ട ഉപവാസത്തിൽ വിവിധ സംഘടനാ പ്രതിനിധികളും പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു. അതെ തുടർന്ന് ഉയർന്ന പോലീസുദ്യോഗസ്ഥർ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും സി.ഐ.യെയും ഏതാനും കോൺസ്റ്റ

ബിൾമാരെയും സസ്പ്പെന്റ് ചെയ്യുകയുമുണ്ടായി.

ജനകീയ പ്രതിരോധസമിതിയിൽ ഉയർന്നുവന്ന ഒരാശയം ഇതായിരുന്നു. എന്തുകൊണ്ട് പോലീസിന് നഷ്ട പരിഹാരം നടത്തിക്കൂടാ? പോലീസ് മുൻ കൈയ്യെടുത്ത് മറിച്ചിട്ട പെട്ടിക്കടകളും മറ്റും പുനഃസ്ഥാപിച്ചിരുന്നെങ്കിൽ, അത് ജനത - പോലീസ് എന്ന സങ്കീർണ്ണ ബന്ധത്തെ ഊഷ്മളമാക്കുമായിരുന്നു, വാടാനപ്പള്ളിയിലെങ്കിലും. പകരം പോലീസ് തെളിവുകളെക്കുറിച്ചുള്ള തങ്ങളുടെ തന്നെ പ്രാഥമിക ജ്ഞാനത്തെ മറച്ചുപിടിച്ച് 'സാമൂഹ്യദ്രോഹികളാണ്' ഇതുചെയ്തതെന്ന പതിവു പല്ലവിയിൽ ഉറച്ചു നിന്നു. അതോടെ ജനകീയപ്രതിരോധ സമിതി ഉത്തരവാദികളെ മാതൃകാപരമായി ശിക്ഷിക്കുക' എന്ന പതിവ് പ്രതിഷേധത്തിൽ എത്തിച്ചേർന്നു.

ഇനി തങ്ങളല്ല അത് ചെയ്തതെങ്കിൽക്കൂടിയും ഒരു നഗരത്തിലോ ഗ്രാമത്തിലോ ദുരന്തമുണ്ടായാൽ പോലീസിന് എന്തുകൊണ്ട് സന്നദ്ധ പ്രവർത്തനനം നടത്തിക്കൂടാ. നാലിടത്ത് അത്തരം പ്രവർത്തനം നടത്തിയാൽ ജനത സമൂഹത്തിൽ തങ്ങൾക്കെതിരെയുള്ള ഏറ്റവും കരുത്തുറ്റ പ്രതിയോഗിയായി പോലീസിനെ കാണുന്നത് നിർത്തും. ഒന്നോ രണ്ടോ മണിക്കൂറുകൾ കൊണ്ട് പോലീസിന് മറിച്ചിട്ടവണ്ടികളും മറ്റും നിവർത്തിവയ്ക്കാവുന്നതായിരുന്നു. പരിക്കു പറ്റിയവരിൽ നിസ്വരും വൃദ്ധരുമായ വഴിവാണിഭക്കാരെയെങ്കിലും പ്രശ്നം പരിഹരിച്ച വിവരം അറിയിക്കാമായിരുന്നു. എങ്കിൽ അതൊരു തുടക്കമായേനെ പോലീസിനും ജനതയ്ക്കും.

വിദ്യാസമ്പന്നരാണ് ഇന്ന് പോലീസിലധികവും. എന്നിട്ടും പോലീസ് വരേണ്യരും ജനവിരുദ്ധവുമായ ഒന്നാണ് ഇന്നും. എതിരേ ഒരു പോലീസിനെ കണ്ടാൽ ഒഴിഞ്ഞു മാറാൻ ശ്രമിക്കുകയാണ് ഒരു സാധാരണ പൗരൻ ആദ്യം ചെയ്യുക എന്ന് ഒരിക്കൽ ആനന്ദ് എഴുതുകയുണ്ടായി. വെറുക്കപ്പെടേണ്ട, മാറ്റിനിർത്തപ്പെടേണ്ട, നിവൃത്തിയില്ലെങ്കിൽ മാത്രം ആശ്രയിക്കപ്പെടേണ്ട, ഒന്നാണ് ഇന്നും സാധാരണക്കാർക്ക് പോലീസ്. നീതിയുടെ, പൗരാവകാശങ്ങളുടെ കാവലാൾ എന്ന നിലയിൽ പോലീസിനെ അടിമുടി അഴിച്ചുപണിയാൻ ഏതു മേധാവിയാണ്, ഭരണാധികാരിയാണ് മുൻകൈയ്യെടുക്കുക? പോലീസുകാർക്കിടയ്ക്കു തന്നെയുള്ള അമാനുഷികമായ അധികാര വിവേചനത്തെ ആരാണ് അവസാനിപ്പിക്കുക?

വാടാനപ്പള്ളി കാത്തിരിക്കുന്നു. ഇനി അതിക്രമമുണ്ടാകാൻ പോകുന്ന അടുത്ത ഗ്രാമവും. ■

# വാർദ്ധക്യവും പ്രശ്നങ്ങളും

**എൻ. എൻ. ഗോകുൽ ദാസ്**

ജനസംഖ്യയിൽ വൃദ്ധജനങ്ങളുടെ അനുപാതം വർദ്ധിച്ചു വരുന്നു. അദ്ധ്വാനശേഷി നഷ്ടപ്പെട്ടവരും അനേകം ആരോഗ്യപ്രശ്നങ്ങളെ നേരിടുന്നവരുമായ വൃദ്ധജനങ്ങളെ യാതൊരു മനഃക്ലേശവും കൂടാതെ തള്ളിയിടാൻ പറ്റിയ സ്ഥാപനങ്ങൾ ഓരോ നഗരത്തിലും ഗ്രാമത്തിലും ഉയർന്നു വരണമെന്ന് വാദിയ്ക്കുന്ന ആസൂത്രണ വിദഗ്ദ്ധന്മാർ നമുക്കിടയിലുണ്ട്. ഈ മേഖലയിലും സ്വകാര്യനിക്ഷേപവും പങ്കാളിത്തവും പ്രോത്സാഹിപ്പിയ്ക്കണമെന്നും വാദിയ്ക്കാം.

തെക്കൻ കേരളത്തിൽ ചിലയിടങ്ങളിലെങ്കിലും ഇത് ഒരു ലാഭകരമായ സേവനമേഖലയാണെന്ന് സ്വകാര്യസംരംഭകർ തിരിച്ചറിഞ്ഞതിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. വരണ്ടു ചുളിഞ്ഞ് അയഞ്ഞു തൂങ്ങിയ ചർമ്മവും ശോഷിച്ച മാംസപേശികളും ദുർബ്ബലമായ അസ്ഥിവ്യൂഹവും കൂനും ചലനശേഷി കുറഞ്ഞ സന്ധികളും കാഴ്ചക്കുറവും കേൾവിക്കുറവും ഓർമ്മക്കുറവും പേറി ആകെ നരബാധിച്ച് പല്ലുകൊഴിഞ്ഞ മോണയും പ്രദർശിപ്പിച്ച് പിച്ചും പേയും പറയുന്ന മുത്തച്ഛനും മുത്തശ്ശിയും നമ്മെ വല്ലാതെ അസ്വസ്ഥരാക്കുന്നു!

പുതിയ ലോകം യുവത്വത്തെ മാത്രം അംഗീകരിയ്ക്കുന്നുവെന്നു മനസ്സിലാക്കിയ മദ്ധ്യവയസ്കർ ഗോദ്റെജ് ടെക്നോളജിയും ബ്യൂട്ടിപാർലറുകളും എക്സിക്യൂട്ടീവ് വസ്ത്രധാരണവും വഴി 'വയസ്സറിയി' യ്ക്കാതിരിക്കാൻ ശ്രമിയ്ക്കുന്നുണ്ട്. പോഷകാഹാരം, ആവശ്യാനുസരണമുള്ള വ്യായാമം, വേണ്ടത്ര വിശ്രമം, സുഖമായ ഉറക്കം, സ്വച്ഛമായ കുടുംബാന്തരീക്ഷം, തക്കസമയത്തുനൽകേണ്ട വൈദ്യപരിശോധനകളും പരിചരണങ്ങളും എന്നിവ വഴി മാത്രമേ ഏതൊരാളുടേയും - വൃദ്ധജനങ്ങളടക്കം - ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്താൻ കഴിയൂ. മേൽപറഞ്ഞ ഘടകങ്ങളോടൊപ്പം തനിയ്ക്കും കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദമായ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ കൂടി കഴിഞ്ഞാൽ പ്രായമേറിയവരുടെ ജീവിതം കൂടുതൽ ധന്യമാകും.

ഇരുപതുവയസ്സുകാരന്റെ അവയവങ്ങളെ അപേക്ഷിച്ച് എഴുപത്തയഞ്ചുകാരന്റെ അവയവങ്ങളുടെ ശേഷി എത്രമാത്രം കുറയുന്നു വെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

1. മസ്തിഷ്കത്തിന്റെ ദ്രവ്യമാനം പതിനഞ്ചു ശതമാനം കണ്ടു കുറയുന്നു.
2. കോശങ്ങളിലെ രാസപ്രവർത്തനങ്ങളുടെ നിരക്കിൽ ഇരുപതുശതമാനം കുറവുവരുന്നു.
3. ശ്വാസകോശങ്ങളുടെ ശേഷിയിൽ നാല്പതുശതമാനം നഷ്ടമാകുന്നു.
4. ഓരോ സ്പന്ദനത്തിലും ഹൃദയം ധമനിയിലേയ്ക്കു തള്ളുന്ന രക്തത്തിന്റെ അളവിൽ മുപ്പത്തിയഞ്ചുശതമാനം കുറയുന്നു.
5. വൃക്കകളുടെ തൂക്കത്തിൽ മുപ്പതു ശതമാനം കുറവുവരുന്നു.
6. കരളിന്റെ തൂക്കത്തിൽ മുപ്പത്തേഴുശതമാനം കുറവുണ്ടാകുന്നു.
7. കരളിലൂടെയുള്ള രക്തപ്രവാഹനിരക്ക് പകുതികണ്ട് കുറയുന്നു.
8. നാഡീകോശങ്ങൾ വഴിയുള്ള സന്ദേശ വേഗതയിൽ പതിനഞ്ചു ശതമാനം കുറവുണ്ടാകുന്നു.
9. ധമനികളുടെ തുലാസ്തികത (elasticcity) നഷ്ടമാകുന്നു.
10. രക്തസമ്മർദ്ദം തകരാറിലാകുന്നു.
11. അന്നനാളം സങ്കോചിയ്ക്കുന്നതുമൂലം ദഹനവും ആഗിരണവും കുറയുന്നു.
12. അന്തസ്രാവീയ വ്യൂഹ (endovione system) വും പ്രതിരോധ വ്യൂഹവും (immune system) ക്ഷീണിക്കുന്നു.

ഈ പ്രശ്നങ്ങളുടെ പട്ടിക ഇനിയും നീട്ടാം. വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന ജറൻറ്റോളജി(gerontology) എന്ന ശാസ്ത്രശാഖയും അവരുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ജീറിയാട്രിക്സും (GERIATRICS) എന്ന ചികിത്സാശാഖയും വളർന്നു വലുതാകുന്നതോടൊപ്പം സ്നേഹവും സഹാനുഭൂതിയും ഉറപ്പുവരുത്തുന്ന അന്തരീക്ഷവും നൽകാൻ മലയാളി സമൂഹം തയ്യാറാകണം. കുടുംബം വേരറ്റു പോയിട്ടില്ലല്ലൊ?

ശുശ്രൂഷയും പിന്തുണയും വൃദ്ധജനങ്ങളുടെ അവകാശമാണ്. സമൂഹത്തിന്റെ ഔദാര്യമല്ല. ശുശ്രൂഷിയ്ക്കാൻ ആരുമില്ലാത്ത വൃദ്ധജനങ്ങളെ സംരക്ഷിയ്ക്കാൻ സ്ഥാപനങ്ങൾ നിലവിൽ വരുന്നത് അഭിലഷണീയം തന്നെ. പക്ഷേ, നിങ്ങൾക്ക് വേണ്ടാത്ത വൃദ്ധരെ സ്വീകരിക്കാൻ ഞങ്ങൾ തയ്യാർ എന്ന സമീപനം അപകടകരമാണ്. ഈ സ്ഥാപനങ്ങളിൽ മാതാപിതാക്കളെയോ മുത്തച്ഛനെയോ മുത്തശ്ശിയെയോ നടതള്ളുന്നവർ മനുഷ്യനെന്ന് എഴുതി കൈയ്യൊപ്പിടരുത്. കുടുംബം തകരുമ്പോൾ അടിമുടി തകർന്നു പോകുന്നവർ കുട്ടികളും വൃദ്ധജനങ്ങളുമാണ്. വൃദ്ധജനങ്ങളുടെ മനുഷ്യാവകാശങ്ങൾ മാനിയ്ക്കപ്പെടുക തന്നെ വേണം. ■

# അട്ടപ്പാടിയുടെ ജീവനാഡി ഭവാനിയെ കൊല്ലരുത്!

**കേ**രളത്തിൽ ഏറ്റവും വരണ്ട പ്രദേശമായി അറിയപ്പെടുതാണ് അട്ടപ്പാടി. വന നശീകരണത്തിനും മണ്ണൊലിപ്പിനും കൃഷിനാശത്തിനും കുടിവെള്ളക്ഷാമത്തിനും ആദിവാസി ദാരിദ്ര്യത്തിനുമൊക്കെ ഉദാഹരണമായി ഉയർത്തിക്കാണിക്കാറ് അട്ടപ്പാടിയെയാണ്. ഒരു പ്രയോജനവുമില്ലാത്ത കോടികൾ ചിലവാക്കപ്പെടുന്ന പദ്ധതികൾക്കും അട്ടപ്പാടി ഇന്ന് പ്രസിദ്ധിയാർജ്ജിക്കുകയാണ്. മരിച്ച നദിക്ക് ഉദാഹരണമായി അട്ടപ്പാടിയിലെ കൊടുങ്ങരപ്പള്ളം നമുക്ക് ലോകത്തിന് തന്നെ കാഴ്ചവയ്ക്കാം. അണക്കെട്ടുകൾക്ക് പിന്നിൽ വെള്ളം തിരിച്ചുവിട്ട് ഇന്നേ ഒഴുക്കു നിലച്ച മട്ടിലാണ് അട്ടപ്പാടിയെ സൃഷ്ടിച്ച ഭവാനിയും ശിരുവാണിയും. അട്ടപ്പാടിയിലെ 8000ൽ പരം വരുന്ന മനുഷ്യസമൂഹത്തിന് ഇന്ന് വെള്ളത്തിനായി ആശ്രയിക്കാനുള്ളത് ഈ രണ്ട് പുഴകളിലെ നേർത്ത നനവ് മാത്രമാണ്. കാലാവസ്ഥയെ ആശ്രയിച്ച കൃഷി മാത്രമേ ഈ ജനതയ്ക്ക് ജീവനോപാധിയായുള്ളു. താഴ്വാരങ്ങളിലല്ലാതെ മലഞ്ചെരിവുകൾ കൂടുതലുള്ള ഭൂപ്രകൃതികാരണം. ജലസേചനം ഇവിടെ സാദ്ധ്യവുമല്ല. താളം തെറ്റുന്ന കാലാവസ്ഥ ബാക്കിയുണ്ടായിരുന്ന കൃഷിയെപ്പോലും അസാദ്ധ്യമാക്കുന്നു. ആദിവാസികളുടെ പേരിൽ തുടങ്ങിയ അട്ടപ്പാടിയിലെ ചിറ്റൂരിലെ ശിരുവാണിക്ക് കുറുകെ കെട്ടിത്തുടങ്ങിയ അണക്കെട്ട് പണിതീർത്തിരുന്നുവെങ്കിൽ ശിരുവാണിയും പൂർണ്ണമായി വറ്റിപ്പോകുമായിരുന്നു. ഇവിടെ ഭൂഗർഭജലം ഇല്ല. അൽപ്പം ഉള്ളതുപോലും ലവണസാന്ദ്രത കാരണം ഉപയോഗയോഗ്യവുമല്ല. വിസ്തൃത ഭൂപ്രദേശത്ത് ചിതറിയ ഊരുകളിലേക്ക് കേന്ദ്രീകൃത ശുദ്ധജല വിതരണപദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുമില്ല.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള അട്ടപ്പാടിയുടെ വികസനത്തിൽ പ്രത്യേകിച്ച് അടുത്ത കാലത്ത്, ഏറ്റവും കൂടുതൽ പണം ചിലവാക്കിയിട്ടുള്ളത് കുടിവെള്ള വിതരണപദ്ധതികൾക്ക് കൂടിയാണ്. എന്നിട്ടും താൽക്കാലിക ആശ്വാസം പോലും ഒരിടത്തും ഉണ്ടായിട്ടുമില്ല. ഭവാനിയിലും ശിരുവാണിയിലും അൽപ്പമായൊഴുകുന്ന വെള്ളം മാത്രമാണ് അട്ടപ്പാടിയിലെ ബഹുഭൂരിപക്ഷം ആദിവാസികൾക്കും ഇന്നാകെ ലഭ്യമായ ശുദ്ധമല്ലാത്തതെങ്കിലും ഏക ജലസ്രോതസ്സ്, അതുകൊണ്ടുതന്നെ അട്ടപ്പാടിക്ക് കുറുകെ ഇന്നൊഴുകുന്ന ഭവാനിയെ ഇന്ന് പൂർണ്ണമായും പടിഞ്ഞാറേക്ക് തിരിച്ച് മണ്ണാർക്കാട് സമതലങ്ങളിലേക്ക് കൊണ്ടുചെന്നെത്തിച്ച്, അട്ടപ്പാടിയിലൂടെ ഒഴുകാതാക്കുക നമുക്ക് ചിന്തിക്കാനാവാത്ത കാര്യമാണ്. എന്നാലതുതന്നെയാണ് നടപ്പിലാക്കിത്തുടങ്ങിയിരിക്കുന്നത്.

**ഭവാനിയെ കൊല്ലുന്ന പദ്ധതി**

വടക്കുനിന്ന് തെക്കോട്ടൊഴുകുന്ന ഭവാനി മുക്കാലിയിൽ വച്ച് പെട്ടെന്ന് കിഴക്കോട്ട് തിരിഞ്ഞ് മല്ലീശ്വരനെ ചുറ്റിയാണ് ഒഴുകുന്നത്. മണ്ണാർക്കാട് സമതലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ പോഷക നദിയായ തൂതാപ്പുഴയിൽ ഒഴുകിയെത്തുന്ന നെല്ലിപ്പുഴയിൽ മുക്കാലിക്ക് തൊട്ടുപടിഞ്ഞാറുനിന്ന് മന്താം പൊട്ടി എന്ന ചെറിയൊരു കാട്ടുചോല വന്നു ചേരുന്നു. മുക്കാലിയിൽ ഭവാനിക്ക് കുറുകെ ഒരു ചിറകെട്ടി ഭവാനിയിലെ അൽപ്പമാത്രം ബാക്കിയുള്ള വെള്ളം പടിഞ്ഞാറേക്ക് തിരിച്ച്, മന്തംപൊട്ടിയിലെത്തിച്ച് മണ്ണാർക്കാടൻ സമതലങ്ങളിൽ ജലസേചനത്തിന് ലഭ്യമാക്കാനുള്ള 88 ലക്ഷം രൂപയുടെ ഒരു പദ്ധതി പണി തുടങ്ങുകയാണ്. 40 വർഷമാകാറായിട്ടും പണി തീരാത്ത ചോരുന്ന കാഞ്ഞിരപ്പുഴ അണക്കെട്ടിന്റെ മുഖ്യജലസേചന കനാൽ കടന്നുപോകുന്ന, ജലക്ഷാമമില്ലാത്ത പ്രദേശത്തിന് വേണ്ടിയാണിതെന്ന് പ്രത്യേകം ഓർക്കണം. ഒപ്പം ഓർക്കുക എന്നേന്നേക്കുമായി നഷ്ടപ്പെടുന്നത് അട്ടപ്പാടിയിലെ ഭവാനിയാണ്.

കേരളം ഇപ്പോൾത്തന്നെ നേരിടുന്നു എന്നു പറയുന്ന വിദ്യുച്ഛക്തി ക്ഷാമം മുന്നിൽ കാണിച്ച് അവസാനത്തെ ചെറുനീർച്ചാലിൽ പോലും ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന തിടുക്കത്തിലാണ് നാം. ഇതിന്റെ ഭാഗമായി ആനമൂളി ചുരത്തിന് താഴെ മന്താം പൊട്ടിയിൽ ഭവാനയിൽ നിന്നും തിരിച്ചെത്തുന്ന വെള്ളത്തിൽ നിന്നും വിദ്യുച്ഛക്തി ഉണ്ടാക്കാനുള്ള പദ്ധതിയും പിന്നാലെ വരുമെന്ന് തീർച്ച. ഇത്തരം പ്രലോഭനങ്ങൾക്കു മുന്നിൽ കേരള ജനത അട്ടപ്പാടിയിലെ ജലാവശ്യങ്ങൾ മനസ്സിലാക്കാതെ ഈ പദ്ധതിയുടെ അനുകൂലികളായി മാറും.

അട്ടപ്പാടിക്ക് സംഭവിച്ച കഴിഞ്ഞ നൂറ്റാണ്ടിലെ ദുരന്തങ്ങളൊക്കെ തിരുത്താനാവത്തൊരു ഭീകര നഷ്ടമായിരിക്കും ഈ പദ്ധതി വരുത്തിവയ്ക്കുക. അട്ടപ്പാടിയിലെ മൊത്തം ജനസംഖ്യയുടെ പകുതിയോളം പേർക്ക്, പടിഞ്ഞാറേയറ്റം മുക്കാലി മുതൽ 40 കിലോ മീറ്ററോളം കിഴക്കോട്ട് തമിഴ്നാട് അതിർത്തി വരെ ഇന്ന് കുടിവെള്ളത്തിന് ഭവാനിപ്പുഴയല്ലാതെ മറ്റൊരു സ്രോതസ്സുമില്ല. പുതൂർ, അഗളി, ഷോളയൂർ പഞ്ചായത്തുകളിലായി മഴ പെയ്യാതായിക്കഴിഞ്ഞ അട്ടപ്പാടിയിൽ, കാര്യമായി കൃഷിയിലുള്ളത് ഭവാനിയുടേയും ശിരുവാണിയുടേയും തടങ്ങളിൽ നദീജലത്തെ ആശ്രയിച്ചാണ്. ഭവാനിയിലെ നീരൊലിപ്പ് നിലച്ചാൽ ഇവിടുത്തെ താഴ്വാര കൃഷിപിന്നെ തുടരാനാവില്ല.

കർണ്ണാടക, കേരളം തമിഴ്നാട് സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന കാവേരി നദി അന്തർസംസ്ഥാന നദീജലതർക്കങ്ങളിലിന്ന് പ്രക്ഷുബ്ധമാണ്. കാവേരി ട്രിബ്യൂണൽ വിധിയനുസരിച്ച് നമുക്കാർഹമായതെന്ന് നാം കരുതുന്ന വെള്ളം ഉപയോഗിക്കുന്ന തിരക്കിലാണ് കേരളവും. പറയുന്ന അളവിൽ നദിയിൽ വെള്ളമില്ലെന്ന് ആരും പറയാത്ത സത്യമാണ്. വയനാട്ടിൽ കബനിയും അട്ടപ്പാടിയിൽ ഭവാനിയും മറയൂരിൽ പാമ്പാറും ഇപ്പോഴെ വരണ്ടുകഴിഞ്ഞിരിക്കുന്നു. ഇവിടൊക്കെ രൂക്ഷമായ ജലക്ഷാമമാണ്. ഈ മൂന്നു പ്രദേശങ്ങൾക്കും പടിഞ്ഞാറ് വെള്ളത്തിന് ക്ഷാമമില്ലാത്ത കേരള സമതലങ്ങളാണ്. കാവേരിയിൽ നിന്ന് നമ്മുടെ വിഹിതം വെള്ളം വലിയ അണക്കെട്ടുകൾ കെട്ടി വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനും ജലസേചനത്തിനും പടിഞ്ഞാറേക്ക് തിരിച്ചുകൊണ്ടുപോകുമ്പോൾ മരുവൽക്കരിക്കപ്പെടുക കേരളത്തിന്റെ തന്നെ ഭാഗമായ, ഇപ്പോഴേ ദരിദ്രരാക്കപ്പെട്ടുകഴിഞ്ഞ അസംഘടിതരായ ആദിവാസി സമൂഹങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ തന്നെയാണ്.

മലകൾക്കും പുഴകൾക്കും കാടുകൾക്കും മനുഷ്യൻ തീരുമാനിക്കുന്ന അതിർത്തികൾ ബാധകമല്ല. മലകളേയും പുഴകളേയും കാടുകളേയും ജീവിക്കാൻ നേരിട്ടാശ്രിയിക്കുന്ന ജനസമൂഹങ്ങൾക്കും പ്രാദേശിക ഭരണാതിർത്തികൾ ബാധകമല്ല. അതിർത്തി കഴിഞ്ഞും വളരെ ദൂരം കിഴക്കൊട്ടൊഴുകുന്ന ഭവാനിക്ക് ഇരുപുറവും പതിനായിരക്കണക്കിന് മനുഷ്യർക്ക് പ്രത്യേകിച്ച് വളരെ കൂടുതൽ ആദിവാസികൾക്ക് ജലത്തിനുള്ള ഏക ആശ്രയം ഈ പുഴയാണ്. പുഴയിൽ നീരൊഴുക്ക് നിലച്ചാൽ അത് കേവലം അട്ടപ്പാടിയുടെ മാത്രം പ്രശ്നമായിരിക്കില്ല. നീലഗിരിക്ക് താഴെ ഭവാനി താഴ്വാരത്തിലെ വിസ്തൃതമായ ഭൂപ്രദേശത്തെ ചിരപുരാതന ആദിവാസി സമൂഹങ്ങളുടെ നിലനിൽപ്പിനെ തന്നെ ഈ പദ്ധതി അപകടത്തിലാക്കും. കേരളത്തിന്റെ തന്നെ ഭാഗമായ അട്ടപ്പാടിയിലെ ജനതയുടെ വെള്ളത്തിനുള്ള അടിസ്ഥാന അവകാശംപോലും കാക്കാത്ത ഈ പദ്ധതി വിഭാവനം ചെയ്തവർ കേരളാതിർത്തിക്ക് പുറത്തുള്ളവരുടെ അവകാശം കാക്കുമെന്ന് കരുതേണ്ടതുമില്ല.

അട്ടപ്പാടിയിലെ ആദിവാസികളും അല്ലാത്തവരുമായ മൊത്തം ജനസമൂഹത്തിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന ഏറ്റവും വലിയ ഭീഷണിയാണ് മുൻപറഞ്ഞ, ഭവാനിയിലെ വെള്ളം പടിഞ്ഞാറ് മണ്ണാർക്കാട് ഭാഗത്തേയ്ക്ക് തിരിച്ചുവിടാനുള്ള പദ്ധതി. ഇത് ഒരു കാരണവശാലും നടപ്പിലാക്കാൻ അനുവദിക്കാൻപാടില്ല. സംഘടിച്ച് ശക്തമായി പ്രതിഷേധിച്ച് ഈ പദ്ധതിയെ ഇപ്പോൾത്തന്നെ ഉപേക്ഷിക്കുക, നമ്മുടെ ഏറ്റവും അടിയന്തിരാവശ്യമാണ്.

**അട്ടപ്പാടിയിലെ**
**ആദിവാസി ജനപ്രതിനിധികൾ**

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി.ശങ്കരപ്പിള്ള ◆ സി. പി. ഗംഗാധരൻ ◆ എം.പി. രാജു ◆ സി. ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി. എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസിസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു ◆ ജെ.ജെ. പള്ളത്ത് ◆ ജോർജ്ജ് പുലികുത്തിയിൽ

# ജനനീതി ഗ്രാമങ്ങളിലൂടെ

ജനനീതിയുടെ നൈതിക ജാഗ്രതയുടെയും സ്ത്രീ നീതിയുടെയും ഭാഗമായിരുന്നു തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച, കാണാതാകുന്ന പെൺ കുഞ്ഞുങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ. കേന്ദ്രസാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ, കോട്ടയം ആസ്ഥാനമായുള്ള കേരളവളണ്ടറി ഹെൽത്ത് സർവ്വീസസിന്റെ സഹകരണത്തോടെ ജനനീതിയുടെ സ്ത്രീപഠന വിഭാഗമാണ് സെമിനാറുകൾ സംഘടിപ്പിച്ചത്. 20 സെമിനാറുകൾ നടത്തുന്നതിനാണ് ധാരണയായിരുന്നതെങ്കിലും, വിഷയത്തിന്റെ കാലിക പ്രസക്തിയും ജനങ്ങളുടെ അറിയാനുള്ള ഔത്സുക്യവും ഗ്രാമീണ സ്ത്രീ സമൂഹങ്ങളിൽ നിന്നുള്ളവർ വർദ്ധിച്ച സഹകരണവും പരിഗണിച്ച് 26 സെമിനാറുകളാണ് ജനനീതി നടത്തുവാൻ നിശ്ചയിച്ചത്.

അന്തിക്കാട്, ഗണേശമംഗലം, ഏങ്ങണ്ടിയൂർ, കണ്ണംകുളങ്ങര, നാട്ടികബീച്ച്, പാലക്കൽ, എടശ്ശേരി, വലപ്പാട്, കരുവാങ്കുളം, തിരുവുള്ളക്കാവ്, വടൂക്കര, വാടാനപ്പിള്ളി ബീച്ച്, പാറളം, മണലൂർ, വല്ലച്ചിറ, ചേർപ്പ്, മുത്തുള്ളിയാൽ ഏരിയാട്, മേത്തല, എടവിലങ്ങ് - എന്നീ 20 കേന്ദ്രങ്ങളിൽ ജനനീതിയുടെ സ്ത്രീ നീതി പ്രവർത്തകരായ അഡ്വ. ജാസ്മിൻ ജോസഫ്, അഡ്വ. ഫിരിദ അൻസാരി, ശ്രീമതി കെ.കെ. രാധാമണി, മിസ്. ഗീത യാദവ് എന്നിവർ ഗർഭാവസ്ഥയിൽ തന്നെ അപ്രത്യക്ഷരാകുന്ന പെൺകുഞ്ഞുങ്ങളെ കേന്ദ്രീകരിച്ചുള്ള ചർച്ചകളും, സംവാദങ്ങളും, പ്രശ്നോത്തരികളും അവതരിപ്പിച്ചുകൊണ്ട് അഭിജ്ഞ സമൂഹത്തിന്റെ കപടനീതിയും കൃത്രിമ സദാചാരവും അനാവരണം ചെയ്തു.

സത്യത്തിന്റെ മുഖം ഏറെ വികൃതമായതുകൊണ്ടും, പരമാർത്ഥങ്ങൾ അരുചികരങ്ങളായതുമൂലവും സ്ഥാപനങ്ങളിൽ നിന്നും പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും വിമർശനങ്ങളും എതിർപ്പുകളും ഏറെ ഏറ്റുവാങ്ങേണ്ടി വന്നുവെന്നത് ജനനീതിയുടെ ദൗത്യം വിജയിക്കുന്നതിന്റെ സൂചനയായി ജനനീതി കാണുന്നു. ഇനിയും ആറ് കേന്ദ്രങ്ങളിൽ കൂടി അടുത്ത ദിവസങ്ങളിൽ സെമിനാറുകൾ നടത്തപ്പെടുന്നുണ്ട്.

എന്തുകൊണ്ട് പെൺകുഞ്ഞിനെക്കാൾ ഓരാൺകുഞ്ഞിനെ മതാപിതാക്കൾ ആഗ്രഹിക്കുന്നുവെന്നത് പഠന വിധേയമാക്കേണ്ട കാര്യമാണ്. ആഗ്രഹത്തിന്റെ പുറകിലുള്ള തീരുമാനം ആരുടേതാണ്? എന്താണ് പ്രേരണ? അതിന്റെ യുക്തി? ചരിത്രത്തിലും സംസ്കാരത്തിലും, ദാർശനിക - സൈദ്ധാന്തിക രംഗങ്ങളിലും നിറഞ്ഞു നില്ക്കുന്ന പുരുഷാധിപത്യം - എന്നിങ്ങനെ സ്ത്രീ സമൂഹത്തിന് ഗ്രഹിക്കാനോ ഉൾകൊള്ളാനോ ഉദ്ഗ്രഥനം ചെയ്യാനോ കഴിയാത്ത ഉപരോധിത മേഖലകൾ അനവധി. അടുത്തെത്തിയെന്ന് നാം വിചാരിക്കുമ്പോഴും അകന്നകന്ന് പോകുന്ന തുല്യനീതിയുടെയും സ്ത്രീ സ്വാതന്ത്ര്യത്തിന്റേയും അനുഭവ യാഥാർത്ഥ്യങ്ങൾ. നിഴലുകളെ യാഥാർത്ഥ്യങ്ങളായി സ്വീകരിക്കേണ്ടി വരുമ്പോഴുള്ള അസ്വാസ്ഥ്യങ്ങൾ - ഇതൊക്കെയോ സ്ത്രീ നീതിയുടെ പാഠഭേദങ്ങൾ? ജനനീതിയുടെ യാത്രക്ലേശകരമായി തുടരുന്നു.....ദൂരത്തെങ്ങോ തെളിയുന്ന വെളിച്ചത്തിലേക്ക്. ■

പേജ്3 ↩

ഇന്നത്തെ സ്ത്രീധന സമ്പ്രദായം . നിയമത്തെയും വിലക്കുകളെയും കാറ്റിൽ പരത്തി, അപായകരമായി തുടരുന്നത് എന്തുകൊണ്ട് എന്നതിന് ഉത്തരം തേടേണ്ടതുണ്ട്.

കേരളത്തിൽ നിലവിലുള്ള സ്ത്രീധന സമ്പ്രദായത്തേക്കുറിച്ച് ഒരു പഠനം ജനനീതി 2003 ൽ ഏറ്റെടുത്തിട്ടുണ്ട്. സാമാന്യേന സ്ത്രീധനം എന്ന കാഴ്ചപ്പാടിൽ ഉൾപ്പെടുന്നത് എന്തൊക്കെ, സ്ത്രീധനമായി കൈമാറുന്ന മൂല്യം ചിലവഴിക്കപ്പെടുന്നതെങ്ങിനെ, സ്ത്രീധന സമ്പ്രദായത്തിന്റെ ഇരകൾ നേരിടേണ്ടി വരുന്ന വേദനിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ എന്തൊക്കെ, സ്ത്രീധനം ഇന്നും നിലനില്ക്കുന്നതിന്റെ ന്യായീകരണങ്ങൾ എന്തൊക്കെ, നിയമത്തിന്റെ അപ്രായോഗികത എന്നീ മേഖലകളിൽ കേരളത്തിലെ 14 ജില്ലകളെയും ഉൾകൊള്ളിച്ചുള്ളതാണീ പഠനം.

സമൂഹ പശ്ചാത്തലത്തിൽ സ്ത്രീധനനിരോധന നിയമത്തിന്റെ പ്രയോഗക്ഷമത അപഗ്രഥിച്ച് ഒരു ഗവേഷണ പ്രബന്ധം തയ്യാറാക്കുകയാണ് പ്രഥമ ലക്ഷ്യം. ഈ പഠനത്തിലൂടെ അധികാര സ്ഥാനങ്ങളിൽ സമൂഹ സ്പന്ദനം എത്തിക്കുക എന്ന ചുമതലയാണ് ജനനീതി ഏറ്റെടുത്തിരിക്കുന്നത്. ■

## ജനനീതി വാർഷികവും പതിറ്റാണ്ടോർമ്മയും

അധികാരഘടനയുടെ അനീതികളോടും സാമ്രാജ്യശക്തികളുടെ അധിനിവേശപരാക്രമങ്ങളോടും പുത്തൻ സാമ്പത്തിക വ്യവസ്ഥയുടെ വിപണി ബന്ധങ്ങളോടും നിരന്തരം പൊരുതിക്കൊണ്ട്, ജാതി-മത-രാഷ്ട്രീയ തമ്പുരാക്കൻമാരുടെ സംരക്ഷണമോ, സുസ്ഥിരമോ സുരക്ഷിതമോ ആയ സാമ്പത്തിക അടിത്തറയോ കൂടാതെ ഒരു മനുഷ്യാവകാശ പ്രസ്ഥാനം ഒരു പതിറ്റാണ്ട് പിന്നിട്ടുവെന്ന് വിശ്വസിക്കാൻ പ്രയാസം. ജനനീതിയുടെ കരുത്തും ദൗർബ്ബല്യവും അതാണ്. ഒരു പൈസ പോലും വരുമാനമില്ലാതെ, സേവനത്തിന് പ്രതിഫലവും സ്വീകരിക്കാതെ മനുഷ്യന്റെ നന്മയിലും ഉദാരതയിലും മനസ്സർപ്പിച്ചുകൊണ്ടു മാത്രം മുന്നേറിയ ജനനീതിക്ക് ഇന്നും മൂലധനം ജനകീയ അടിത്തറയിലൂന്നിയ സഹവർത്തിത്വവും നൈതിക മൂല്യങ്ങളോടുള്ള പ്രതിബദ്ധതയും മാത്രമാണ്.

ജനനീതിയുടെ പതിറ്റാണ്ടോർമ്മയോടൊപ്പം 11-ാമത് ജന്മദിനവും ഡിസംബർ 30 ന് തൃശൂർ ജവഹർ ബാലഭവന്റെ അങ്കണത്തിൽ ലളിതമായ ചടങ്ങുകളോടെ ആഘോഷിച്ചു. ജനനീതിയുടെ പ്രവർത്തകരും അംഗങ്ങളും തങ്ങളുടെ കുടുംബത്തോടൊപ്പം - ഏതാണ്ട് 150 പേർ - വൈകീട്ട് 5 മണിക്ക് ഒരുമിച്ചുകൂടി. കുട്ടികളുടെ ഹൃദ്യമായ കലാപരിപാടികൾ മേളം പകർന്നു. ജനനീതിയുടെ ചെയർമാനും സുപ്രസിദ്ധ കവിയും ഈ വർഷത്തെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡു ജേതാവുമായ പ്രൊഫ.കെ.ജി.ശങ്കരപ്പിള്ളയെ അനുമോദിച്ചുകൊണ്ട് സി.പി. ഗംഗാധരൻമാസ്റ്റർ സംസാരിച്ചു. മാസ്റ്റർ നിഖിൽ ജോൺസ് കെ.ജി. എസ്സിന് ബൊക്കെ നല്കി. പ്രശസ്ത എഴുത്തുകാരായ സാറാ ജോസഫും വൈശാഖനും ഓർമ്മകൾ പങ്കുവച്ചു. കെ.ജി.എസ്സിന്റെ സന്ദേശം ജനനീതിയുടെ പതിറ്റാണ്ടുകാലത്തെ സേവനത്തിനുള്ള ഹാരാർപണമായി.

കപ്പയും മീൻകറിയും വെജിറ്റബിൾ പുലാവോയും ചിക്കൻമസാലയും......... ചേർന്ന അത്താഴവും കഴിച്ച് മടങ്ങുമ്പോൾ ഒരു കാര്യം എല്ലാവരും തീർച്ചപ്പെടുത്തിയിരുന്നു - എല്ലാ ഡിസംബർ 30 നും ജനനീതിയുടെ വാർഷിക കുടുംബയോഗം ജവഹർ ബാലഭവനിൽ തന്നെ. ■


Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709